# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഏപ്രിൽ 17 | ദീപം 58 | നാളം 7 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


# നിത്യരക്ഷയുടെ സാക്ഷാത്കാരം



ഡോ. ജോർജ് ഓണക്കൂർ

അനന്തവിശാലമായ ഈ ഭൂമിയിലെ സർവ ചരാചരങ്ങളും ദൈവകൃപയുടെ മഹത്ത്വം വെളിപ്പെടുത്തുന്ന സൃഷ്ടികളാണ്. ആ സൃഷ്ടികളുടെ പൂർണതയാണ് മനുഷ്യർ. ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. സ്വന്തം സാദൃശ്യത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് വിശുദ്ധഗ്രന്ഥത്തിൽ നാം വായിച്ചറിയുന്നത്. അങ്ങനെ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കാൻ ഉത്തരവാദപ്പെട്ട മനുഷ്യൻ, ചില പ്രത്യേക സാഹചര്യങ്ങളിൽ ദൈവകൃപയിൽനിന്നു വ്യതിചലിക്കുകയും സ്വതന്ത്രമായി കൈക്കൊണ്ട നിലപാടുകൾ നിമിത്തം പാപത്തിൽ നിപതിക്കുകയും ചെയ്തു. അങ്ങനെ പാപിയായിത്തീർന്ന അവൻ തീർച്ചയായും കാലാകാലങ്ങളിൽ ദൈവകരുണയ്ക്കായി യാചിച്ചുകൊണ്ടിരുന്നു എന്നത് വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്.

മനുഷ്യനെ ആശ്വസിപ്പിക്കാനും ദൈവത്തിന്റെ മാർഗങ്ങളിലേക്കു തിരികെക്കൊണ്ടുവരാനും ദൈവം കാലാകാലങ്ങളിൽ പ്രവാചകന്മാരെയും ന്യായാധിപൻമാരെയും രാജാക്കന്മാരെയും നിയോഗിക്കുന്നു. അങ്ങനെ, ദൈവത്തിന്റെ അനന്തകൃപ മനുഷ്യനെ തേടിയെത്തുന്നതായി നാം വേദപുസ്തകത്തിൽ കാണുന്നുണ്ട്. അപ്പോഴൊക്കെയും ദൈവം നല്കുന്ന വാഗ്ദാനം, മനുഷ്യനെ പാപത്തിൽനിന്നു മോചിപ്പിക്കാൻ ദൈവം മനുഷ്യനായി അവതരിക്കും അല്ലെങ്കിൽ ദൈവകൃപ ഭൂമിയിൽ വീണ്ടും അവതരിക്കും എന്നതായിരുന്നു. ഒരു പുതിയ സൃഷ്ടി സംഭവിക്കും എന്ന വാഗ്ദാനം തീർച്ചയായും നമുക്കു ലഭിച്ചിട്ടുണ്ട്. ആ വാഗ്ദാനത്തിന്റെ നിറവേറലാണ് യൂദയായിൽ യൗസേപ്പിനു വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന മറിയം എന്ന കന്യകയുടെ അടുത്തേക്കെത്തുന്ന ദൈവദൂതൻ അറിയിക്കുന്നത്. ദൈവത്തിന്റെ വാഗ്ദാനത്തിന്റെ നിറവേറലാണ് ക്രിസ്മസിലൂടെ യാഥാർഥ്യമാകുന്നതു ദൈവം ഭൂമിയിൽ മനുഷ്യനായി അവതരിച്ചതും.

ആ അവതാരത്തിന്റെ മുഖ്യലക്ഷ്യം മനുഷ്യന്റെ ആത്യന്തികമായ രക്ഷയാണ്. അങ്ങനെ മുപ്പത്തിമൂന്നുവർഷക്കാലം ക്രിസ്തു ഭൂമിയിൽ ജീവിച്ചു നന്മകൾ പ്രവർത്തിച്ചു, അദ്ഭുതങ്ങൾ നടത്തി, പാപത്തിൽ വീണുപോയ മനുഷ്യനെ അവിടെനിന്നു വീണ്ടെടുക്കാനുള്ള നൽവരങ്ങളും പ്രബോധനങ്ങളും നല്കി അവന്റെ അനന്തമായ കൃപ വെളിപ്പെടുത്തി.

ആര് അവന്റെ ശബ്ദം കേൾക്കും എന്നു പ്രതീക്ഷിക്കുന്നുവോ, അവരിൽ ഒരു വിഭാഗം, വേർതിരിഞ്ഞ് ശാസ്ത്രികൾ, പരീശന്മാർ എന്നു നമ്മൾ അടയാളപ്പെടുത്തുന്ന വിഭാഗങ്ങളിൽപ്പെട്ട ഉന്നതന്മാർ, യഹൂദവംശത്തിന്റെ ഉന്നതങ്ങളിൽ വ്യാപരിച്ചിരുന്ന ആളുകൾ, യേശുവിന്റെ രക്ഷാകരസന്ദേശം ഉൾക്കൊള്ളുന്നതിനു വിസമ്മതിക്കുകയും അവനെ എങ്ങനെയെങ്കിലും അപകടത്തിൽപ്പെടുത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. യേശുവിൽ കുറ്റം കണ്ടെത്താൻ ശ്രമിക്കുന്ന പരീശരെയും ശാസ്ത്രികളെയും മഹാപുരോഹിതരെയും ഇവിടെ നാം കാണുന്നുണ്ട്. നന്മയുടെ പൂക്കൾ വിരിയുന്ന മനോഹരമായ ഒരു ഉദ്യാനമോ പ്രകാശത്തിന്റെ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശമോപോലെ സുന്ദരവും വിശാലവുമായ യേശുവിന്റെ ജീവിതപഥം, ക്രിസ്തുമാർഗം ഉൾക്കൊള്ളുന്നതിന് അവരുടെ സങ്കുചിതമായ മനസ്സുകൾക്കു സാധിച്ചില്ല.

തങ്ങൾ ഉയരങ്ങളിൽ നില്ക്കുന്നു എന്ന് അവർ ഭാവിച്ചുക്കൊണ്ടിരുന്നപ്പോൾ യേശുതമ്പുരാൻ എല്ലാവർക്കും തുല്യമായ പദവി കല്പിച്ചു. ഏറ്റവും പാവപ്പെട്ടവരെ, സമൂഹം ബഹിഷ്കരിച്ച ആളുകളെ തന്റെ ശിഷ്യന്മാരാക്കുക, പാപികൾക്കു മോചനം നൽകുക, രോഗികൾക്കു സൗഖ്യം നൽകുക, മരിച്ചവർക്ക് ഉത്ഥാനം നല്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ അനന്തമായ ദൈവകരുണ വെളിപ്പെടുത്തിക്കൊണ്ട് യേശുതമ്പുരാൻ ഈ ഭൂമിയിൽ മുപ്പത്തിമൂന്നു വർഷക്കാലം ജീവിക്കുകയാണു ചെയ്തത്. ഇങ്ങനെയുള്ള യേശുതമ്പുരാന്റെ ജീവിതം സഹിക്കാനോ ആ ഉദാരമായ ദൈവവചനം ഉൾക്കൊള്ളാനോ കഴിയാതെ, അസഹിഷ്ണുക്കളായിത്തീർന്ന ഒരു വിഭാഗം ആളുകൾ, യേശുവിന്റെ തന്നെ വംശത്തിലെ ഏറ്റവും ഉന്നതരായ ആളുകൾ, അവനെതിരേ ഗൂഢാലോചന നടത്തുകയാണു ചെയ്തത്. അതിന്റെ ഫലമായി യേശുവിനെ എങ്ങനെയും കുറ്റാരോപിതനായി കണ്ടെത്തി മരണശിക്ഷയ്ക്കു വിധിക്കണമെന്ന് ആ ഗൂഢസംഘം തീരുമാനിച്ചു. അതിനുവേണ്ടി ഏറ്റവും മോശമായ ഒരു മാർഗമാണ് അവർ സ്വീകരിക്കുന്നതും: അവന്റെ ശിഷ്യന്മാരിൽ ഒരുവനെ ഒറ്റുകാരനാക്കുന്നു. ഗുരുവിനെ ഒറ്റിക്കൊടുക്കുകയെന്നത് ഏറ്റവും നീചമായ ഒരു പ്രവൃത്തിയാണ്. ഒരിക്കലും ആരും ചെയ്യരുതാത്ത കാര്യമാണത്. അതിനുവേണ്ടി അവർ ഒരു ശിഷ്യനെ ഒരുക്കിക്കൊണ്ടുവരികയാണ്. യൂദാസ്കറിയാത്തയെ, യേശുവിന്റെ പന്ത്രണ്ടു ശിഷ്യരിൽ ഒരുവനെ. പണം കൊടുത്തു മയക്കി അവർ അവനെ തങ്ങളുടെ വശത്താക്കി. അതിന്റെ അനന്തരഫലമാണ് പെസഹാവ്യാഴാഴ്ച രാത്രി ഗദ്സമെൻ തോട്ടത്തിൽവച്ച് യൂദാസ് യേശുവിനെ ഒരു ചുംബനംകൊണ്ട് ചൂണ്ടിക്കാണിച്ചുകൊടുക്കുന്നത്. അവർ യേശുവിനെ ബന്ധിതനാക്കി പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കുന്നു. ഇവൻ ദൈവദൂഷണം പറഞ്ഞു എന്നതായിരുന്നു മുഖ്യമായ ആരോപണം. റോമൻ ഭരണാധികാരിയെ സംബന്ധിച്ചിടത്തോളം അയാൾക്കു ഹിതമായ ചില വാദഗതികളും അവർ ഉന്നയിക്കുന്നു. സ്വയം ദൈവമായും രാജാവായും ചമഞ്ഞു. ഭരണാധികാരിയായ സീസറിന് കപ്പംകൊടുക്കരുത് എന്നു പറഞ്ഞു തുടങ്ങിയ ആരോപണങ്ങൾ ഒന്നൊന്നായി നിരത്തി എങ്ങനെയും അവനെ വധശിക്ഷയ്ക്കു വിധിക്കുന്നതാണ് നാം കാണുന്നത്.

ദുഃഖവെള്ളിയാഴ്ച. ലോകചരിത്രത്തിലെ ഏറ്റവും കറുത്തദിവസം. ഗുരുവിന്റെ ശിഷ്യൻ വഞ്ചനയുടെ ചുംബനംകൊണ്ടു ശത്രുക്കൾക്ക് ഒറ്റുകൊടുത്ത ദുർദിനമാണത്. റോമാഭരണാധികാരിയായ പീലാത്തോസ്, യാതൊരു കുറ്റവുമില്ലാത്ത യേശുവിനെ യഹൂദപ്രമാണികളുടെ നിർബന്ധത്തിനുവഴങ്ങി കുരിശുമരണത്തിനു വിധിക്കുന്നു. സ്വർഗത്തിന്റെയും ഭൂമിയുടെയും ഉടയവനായ ദൈവപുത്രൻ നിന്ദ്യവും ക്രൂരവുമായ കുരിശുമരണത്തിനു വിധേയനാകുന്നത് നാം ദുഃഖവെള്ളിയാഴ്ച ദർശിക്കുന്നു.

സംസ്കരിച്ചതിനുശേഷം മൂന്നാം നാൾ മൃതദേഹത്തിൽ സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്യുകയെന്നത് അക്കാലത്തെ ഒരു പതിവായിരുന്നു. അതനുസരിച്ച് യേശുവിനെ സംസ്കരിച്ചതിന്റെ മൂന്നാം നാൾ (അന്ന് ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസമായിരുന്നു) മൃതദേഹം തേടിയെത്തുന്ന സ്ത്രീകൾ യേശുവിന്റെ കല്ലറ ശൂന്യമാണെന്നു കണ്ട് പരിഭ്രമിക്കുന്നു.


► 16




Pavithra silks
പവിത്രമായ
ബന്ധങ്ങൾ പോലെ
KIDS WEAR | MENS WEAR | LADIES WEAR | WEDDING COLLECTION
Maharani junction, Pala. | 0482 220 1276


ഉയിർപ്പുതിരുനാൾ ആശംസകൾ ....
SEE IN TRUST
ഹൈടെക് തിമിരശസ്ത്രക്രിയ
ഡയബറ്റിക് റെറ്റിനോപ്പതി വിഭാഗം
ഗ്ലോക്കോമ വിഭാഗം
കുട്ടികളുടെ പ്രത്യേക വിഭാഗം
കോങ്കണ്ണ് സർജറി
ലേസർ ചികിത്സ
റെറ്റിന ഇഞ്ചക്ഷനുകൾ
തിമിരം 10 വെറും മിനിറ്റിൽ സുഖപ്പെടുത്തുന്നു
• കുത്തിവയ്പ്പില്ല
• വേദനയില്ല
• കണ്ണ് കെട്ടിവയ്ക്കണ്ട
• അഡ്മിഷൻ വേണ്ട
• വിശ്രമം ആവശ്യമില്ല
• കഴിക്കുന്ന ഒരു മരുന്നുകളും നിർത്തേണ്ടതില്ല
മെഡിസെപ്പ് അംഗങ്ങൾക്ക്
തിമിര ശസ്ത്രക്രിയ, ഇഞ്ചക്ഷനുകൾ,
ലേസർ ചികിത്സ, കണ്ണിലെ പാട മാറ്റൽ
എന്നിവ തികച്ചും സൗജന്യമാണ്
FATHIMA EYE CARE GROUP
ഫാത്തിമ കണ്ണാശുപത്രി
രാമപുരം റോഡ്
പാലാ
04822 201678
70259 27280
കണ്ണടയില്ലാതെ വായിക്കുവാനും ദൂരെ കാണുവാനും കഴിയുന്ന
മൾട്ടിഫോക്കൽ, ട്രൈഫോക്കൽ ലെൻസുകൾ ഓപ്പറേഷന് ഉപയോഗിക്കുന്നു
മദ്ധ്യകേരളത്തിലെ ഏറ്റവും പ്രമുഖ നേത്രസംരക്ഷണ ശൃംഖല
പാലാ | തൊടുപുഴ | പെരുമ്പാവൂർ | ആലുവ | കൊച്ചി | തൃശ്ശൂർ

# ഒറ്റപ്പെടുന്നവന് ഉയിരേകുന്ന പ്രത്യാശ



റൈറ്റ് റവ. തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ



'കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു, നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ കൊണ്ടാടുന്നു, നിന്റെ രണ്ടാം വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.' വിശുദ്ധ കുർബാനയുടെ ഹൃദയത്തിൽ മുഴങ്ങുന്ന ഈ വാക്കുകൾ കേവലം ഒരു വിശ്വാസപ്രഖ്യാപനംമാത്രമല്ല; മറിച്ച്, ക്രിസ്തുവിന്റെ രക്ഷാകരചരിത്രത്തിലേക്കുള്ള ഒരു യാത്രയാണ്. സൃഷ്ടിയുടെ വീണ്ടെടുപ്പിനായി സ്രഷ്ടാവായ ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചതിന്റെയും പരസ്യശുശ്രൂഷയിലൂടെ സ്നേഹത്തിന്റെയും നീതിയുടെയും സന്ദേശം പകർന്നതിന്റെയും പീഡാനുഭവങ്ങളിലൂടെയും മരണത്തിലൂടെയും നമ്മെ വീണ്ടെടുത്തതിന്റെയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതിന്റെയും ഓർമപ്പെടുത്തൽകൂടിയാണ് ഇത്. ഈ രക്ഷാകരസംഭവങ്ങളുടെ പിന്തുടർച്ചക്കാരാണ് നമ്മൾ ഓരോരുത്തരും. വലിയനോമ്പിന്റെ ഈ വിശുദ്ധ ദിനങ്ങളിൽ, നമ്മുടെ ജീവിതത്തിൽ വിശുദ്ധിയും സമർപ്പണവും രൂപാന്തരവും വിശ്വാസത്തിന്റെ ആഴപ്പെടലും സംഭവിക്കേണ്ടതുണ്ട്.

**പീഡിതന്റെ വഴി: ക്രിസ്തുവിന്റെ സഹനത്തിന്റെ ആഴങ്ങൾ**

പരസ്യശുശ്രൂഷയുടെ തുടക്കത്തിൽത്തന്നെ താൻ നേരിടാൻ പോകുന്ന പീഡകളെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരോടു വെളിപ്പെടുത്തുന്നു (മർക്കോ. 9:30-32) (മത്തായി 17:22,23). സ്നേഹത്തിൽ അധിഷ്ഠിതമായ തന്റെ ജീവിതലക്ഷ്യത്തെ പ്രസംഗത്തിലൂടെയും പഠിപ്പിക്കലിലൂടെയും പ്രവൃത്തിയിലൂടെയും യേശു ലോകത്തിനു കാണിച്ചുകൊടുത്തു. ഒരുക്കപ്പെടാനും സ്വയം ഒരുങ്ങാനുമുള്ള ഒരു നിയോഗമായിരുന്നു അത്. സുവിശേഷകർ യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട് പരാജിതരുടെ നോവനുഭവങ്ങൾ വിശദമായി രേഖപ്പെടുത്തുന്നു. ശാരീരികവും മാനസികവും സാമൂഹികവുമായ മുറിവുകൾ ഏറെ ഏറ്റുവാങ്ങിയവരോടൊപ്പമാണ് നാം ജീവിക്കുന്നത്. മനുഷ്യന്റെ അന്തസ്സ് നിഷേധിക്കപ്പെടുകയും മനുഷ്യത്വം മരവിച്ചിരിക്കുകയും ചെയ്യുമ്പോൾ വേർതിരിവുകളും ഒറ്റപ്പെടുത്തലും അവഗണനകളും സംഭവിക്കുന്നു. ജീവിച്ചിരിക്കുമ്പോൾത്തന്നെ യേശുവിനെ മരിച്ചവനെപ്പോലെ എണ്ണി അവന്റെ വസ്ത്രത്തിനായി അവർ ചീട്ടിടുന്നു(യോഹ.19:23,24). പ്രാണൻ നിലനിൽക്കുമ്പോൾത്തന്നെ അർഹിക്കുന്ന ജീവന്റെ വില നൽകപ്പെടാതെ എത്രയോ സാഹചര്യങ്ങൾ ഇന്നും സമാനമായ രീതിയിൽ നിലനിൽക്കുന്നു. ഒറ്റപ്പെടുത്തലും നിന്ദയും നമ്മെ തളർത്തുമ്പോൾ ഒരു പരാജിതനെപ്പോലെയാവാതെ എഴുന്നേറ്റു പ്രകാശിക്കാനുള്ള ഒരു വിജയിയുടെ ശരീരഭാഷ സമ്മാനിക്കാൻ കുരിശ് നൽകുന്ന പ്രചോദനം വളരെ വലുതാണ്.

'ഞാൻ എന്റെ സർവജനത്തിനും പരിഹാസവും ഇടവിടാതെ അവരുടെ പാട്ടും ആയിത്തീർന്നിരിക്കുന്നു' (വിലാ. 3:14). വിലാപങ്ങളുടെ പുസ്തകം മൂന്നാം അധ്യായം നാം വായിക്കുമ്പോൾ വേദനയുടെ ആഴങ്ങൾ നമ്മിലും അടയാളപ്പെടുത്തപ്പെടുന്നു. (വിലാ. 3: 4,5,13-16). കുരിശിൽ യേശുവിനും ഇതുപോലെ ഒരു ഒറ്റപ്പെടൽ അനുഭവപ്പെട്ടു. വിലാപങ്ങൾ 3:21-25 വാക്യങ്ങൾ പ്രതീക്ഷയും ഉണർവും നമ്മിൽ പകരുന്നു. 22-ാം വാക്യത്തിൽ ദൈവസ്നേഹത്തെയും 23-ാം വാക്യത്തിൽ വിശ്വസ്തതയും 24-ാം വാക്യത്തിൽ പ്രത്യാശയും വിവരിക്കുന്നു. 22-ാം സങ്കീർത്തനത്തിലെ വേദഭാഗങ്ങൾ യേശു കുരിശിൽ ആവർത്തിക്കുന്നു. മത്തായി 27:46, മാർക്കോസ് 15:34 എന്നിവയിൽ യേശുവിന്റെ ക്രൂശിലെ നിലവിളിയെ രേഖപ്പെടുത്തുന്നു. അഭാവവും ഒറ്റപ്പെടലും ഏറ്റുവാങ്ങുമ്പോൾ നാം കൂടുതൽ ബലഹീനരായിത്തീരാനാണ് സാധ്യത. പീഡയേൽക്കുമ്പോൾ, പരീക്ഷിക്കപ്പെടുമ്പോൾ, വേദനയനുഭവിക്കുമ്പോൾ കേൾക്കാൻ ആരുമില്ല, സ്വീകരിക്കാൻ ആരുമില്ല എന്ന ചിന്ത, ഇവയെല്ലാം മരണഭീതിയോളം ഭയാനകമാണ്. ആരുമില്ല എന്ന തോന്നലിൽ ദൈവസാന്നിധ്യം ബോധ്യം തരുന്ന ബലം ശ്രേഷ്ഠമാണ്. We can bear suffering because God can be trusted to deliver us. നാം സഹിക്കുന്ന വേദനയുടെ അനുഭവങ്ങളിൽ നാം ഒറ്റയ്ക്കല്ല എന്ന വിശ്വാസം നമ്മിൽ നിറയണം. നമ്മളെക്കാൾ അധികം വേദനയിലൂടെ കടന്നുപോയവൻ, നമ്മെ ഉള്ളതുപോലെ അറിയുന്നവൻ നമുക്ക് ഒരു നിയോഗം നൽകുമെന്ന നിശ്ചയം നമുക്കുണ്ടാവണം.

**അനുഗമിക്കുന്ന കരയുന്ന കണ്ണുകൾ: സഹാനുഭൂതിയുടെ സാക്ഷ്യങ്ങൾ**

യേശുവിനെ അനുഗമിക്കുന്നവർ യേശുവിന്റെ കുരിശോളം ചെല്ലുമ്പോൾ കണ്ണുനിറയുന്ന അനുഭവം ഉണ്ടാകുന്നു. സ്ത്രീഹൃദയങ്ങളാണ് സുവിശേഷങ്ങളിൽ ഏറ്റവും കൂടുതൽ കണ്ണുനീരിൽ ചിത്രീകരിക്കപ്പെടുന്നത്. തങ്ങളുടെ പ്രിയഗുരുവിന്റെ ശരീരം മുറിക്കപ്പെടുമ്പോൾ, ക്രൂശിതന്റെ ശരീരത്തെ സുഗന്ധദ്രവ്യങ്ങളോടെ സംസ്കരിക്കുന്നതിനു സാധിക്കാതെവരുമ്പോൾ എങ്ങനെയാണ് അവർക്കു കരയാതിരിക്കാൻ സാധിക്കുന്നത്? ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ, കല്ലറയുടെ കല്ല് ആരു നീക്കുമെന്ന ആശങ്കയോടെ അവർ വരുമ്പോൾ, യേശു അവർക്കു പ്രത്യക്ഷനായി, സുവിശേഷത്തിന്റെ പ്രഘോഷകരാകാനുള്ള നിയോഗം നൽകുകയാണ്. മറിയം റബ്ബൂനി എന്ന സംഭാഷണത്തിൽ ഉയിർപ്പിന്റെ സമാധാനമാണ് സംവേദനം ചെയ്യപ്പെടുന്നത്.

നമ്മുടെ കണ്ണുനീരനുഭവങ്ങളിൽ നാം ആരെയാണു തിരയുന്നത്? കരയുന്ന മറിയത്തിന് ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിക്കുന്നില്ല. എന്നാൽ, കരുതുന്ന ക്രിസ്തുവിനു കരയുന്ന കണ്ണുകളെയും ഹൃദയത്തിന്റെ ഭാരത്തെയും അറിയാൻ സാധിക്കുന്നു. ഇത് സഹാനുഭൂതിയുടെയും കരുതലിന്റെയും പ്രതീകമാണ്.

**കഥകൾ മെനയുന്ന ലോകം: വിശ്വാസത്തിന്റെ വെല്ലുവിളികൾ**

കൈക്കൂലി വാങ്ങി, യേശുവിന്റെ ശരീരം മോഷ്ടിക്കപ്പെട്ടു എന്ന കഥ സ്വന്തം സുരക്ഷിതത്വത്തിനായി പരത്തുന്ന ആളുകൾ ഒരു വശത്തും, യേശു മുമ്പു പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു എന്ന വസ്തുത ഘോഷിക്കുന്നവർ മറുവശത്തും നിലനിൽക്കുമ്പോൾ, വിശ്വാസിസമൂഹം അനുഭവിച്ചറിഞ്ഞത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യമാണ്. മറ്റുള്ളവരുടെ പ്രതീക്ഷയായ യേശുവിനെ ഇന്നു മോഷ്ടിക്കപ്പെടാതെ സൂക്ഷിക്കുകയെന്നത് നമ്മുടെ ധർമമാണ്. ഞങ്ങൾ അവനെ കണ്ടു എന്നു പറയുന്നവർ ഞങ്ങൾ അവനെപ്പോലെയാകാൻ ശ്രമിക്കുമെന്നുള്ള വിശ്വാസപ്രഖ്യാപനമാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ മനസ്സ് നമ്മിൽ നിലനിൽക്കുമ്പോൾ, സഭയുടെ പ്രസക്തി ഇന്നത്തെ ലോകത്തിൽ വർധിക്കുന്നു. നീതി നിഷേധിക്കപ്പെടുന്ന ഇടങ്ങളിൽ, നിന്ദയുടെയും പരിഹാസത്തിന്റെയും ഒറ്റപ്പെടുത്തലിന്റെയും നടുവിൽ ജീവിക്കുന്നവർക്ക്, ഒരു പ്രതീക്ഷയാവണം ക്രിസ്തുവിന്റെ ശരീരമായ സഭ.

ഈ വലിയനോമ്പുകാലം നമ്മെ ഓരോരുത്തരെയും ക്രിസ്തുവിന്റെ സഹനങ്ങളിലേക്കും ഉയിർത്തെഴുന്നേൽപ്പിന്റെ പ്രത്യാശയിലേക്കും നയിക്കട്ടെ. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യം കൂടുതൽ ശക്തമായി അനുഭവിക്കാനും സ്നേഹത്തിന്റെയും നീതിയുടെയും സന്ദേശം ലോകത്തിനു പകർന്നു നൽകാനും നമുക്കു സാധിക്കട്ടെ.

■



ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു.

ലൂക്കാ 24:5

**എഡിറ്റോറിയൽ**

# കള്ളക്കണക്കു നിരത്തി നുണ നേരാക്കാമെന്നോ?

**ക**ഴിഞ്ഞ ഏതാനും ദിവസങ്ങളായി വിവിധ മാധ്യമങ്ങളിൽ വിവാദലേഖനങ്ങളുമായി ആർഎസ്എസ് മുഖപത്രമായ ഓർഗനൈസർ നിറഞ്ഞുനിൽക്കുന്നു. 'എമ്പുരാൻ' സിനിമയിൽ രാജ്യവിരുദ്ധവും ഹിന്ദുവിരുദ്ധവുമായ കാര്യങ്ങൾ പ്രോത്സാഹിപ്പിച്ചുവെന്നും ഗുജറാത്തുകലാപത്തിന്റെ അവതരണത്തിൽ അർധസത്യങ്ങളാണെന്നും ആരോപിച്ച മുഖപത്രം, കത്തോലിക്കാസഭയുടെ സ്വത്തുവിവരങ്ങളെയും ക്രിസ്ത്യൻ മിഷനറിപ്രവർത്തനങ്ങളെയും സംബന്ധിച്ച സത്യവിരുദ്ധമായ ലേഖനം പ്രസിദ്ധീകരിച്ചാണ് വിവാദത്തിലായത്. കത്തോലിക്കാസഭയ്ക്ക് വഖഫ് ബോർഡിനെക്കാൾ സ്വത്തുണ്ടെന്നും ഇന്ത്യയിലെ ഏറ്റവും വലിയ സർക്കാരിതര ഭൂവുടമസ്ഥർ കത്തോലിക്കാസഭയാണെന്നുമാണ് ലേഖനം പറയുന്നത്.

ഓർഗനൈസറിന്റെ ഓൺലൈൻ പോർട്ടലിൽ 'ആർക്കാണ് ഇന്ത്യയിൽ കൂടുതൽ ഭൂമിയുള്ളത്? കത്തോലിക്കാസഭയും വഖഫ് ബോർഡും തമ്മിലുള്ള സംവാദം' എന്ന തലക്കെട്ടോടെ കത്തോലിക്കാസഭയുടെയും വഖഫ് ബോർഡിന്റെയും ഭൂവുടമസ്ഥാവകാശത്തെ താരതമ്യപ്പെടുത്തുന്ന ലേഖനം വിവാദമായതോടെ വെട്ടിലായ മുഖപത്രം വെബ്സൈറ്റിൽനിന്ന് അതു നീക്കം ചെയ്തു. പാവം ഹിന്ദുക്കളെ ക്രിസ്ത്യൻ മിഷനറിമാർ തെറ്റിദ്ധരിപ്പിച്ചു മതംമാറ്റിയെന്നുള്ള അസത്യപ്രചാരണലേഖനവും മുഖപത്രം പ്രസിദ്ധീകരിച്ചു.

മുഖപത്രത്തിലെ നുണപ്രചാരണമനുസരിച്ച് കത്തോലിക്കാസഭയുടെ സ്ഥാപനങ്ങൾക്ക് 20,000 കോടി രൂപ മൂല്യമുള്ള ഏഴുകോടി ഹെക്ടർ അഥവാ 17.29 കോടി ഏക്കർ ഭൂമിയുണ്ടത്രേ. ബ്രിട്ടീഷ് ഭരണകാലത്താണ് സഭയ്ക്ക് ഇത്ര ഭൂമി ലഭിച്ചത്. കൂടാതെ, കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളുടെ കണക്കുകളും നിരത്തി, നുണലേഖനം വിവരങ്ങൾ ബലപ്പെടുത്താൻ പരിശ്രമിക്കുന്നു.

ആർഎസ്എസിന്റെ ലേഖനം ശരിയാണെങ്കിൽ 32,87,263 സ്ക്വയർ കിലോമീറ്റർ ആകെ ഭൂവിസ്തൃതിയുള്ള ഇന്ത്യാമഹാരാജ്യത്തിന്റെ അഞ്ചിലൊന്നിലധികം ഭൂമി കത്തോലിക്കാസഭയുടേതാകണം. 17.29 കോടി ഏക്കർ ഭൂമിയെന്നാൽ ഏഴുലക്ഷം സ്ക്വയർ കിലോമീറ്ററാണ്. ഓർഗനൈസറിന്റെ കാൽക്കുലേറ്റർ ശരിയല്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഈ വിധത്തിലുള്ള കണക്കുകൾ കൊണ്ടുവരുമോ? 2024 നവംബർ 24 ന് ന്യൂനപക്ഷവകുപ്പുമന്ത്രി കിരൺ റിജിജുവിനോട് കത്തോലിക്കാസഭയുടെ ഭൂമിയളവിനെക്കുറിച്ച് രാജ്യസഭയിൽ ചോദ്യമുയർത്തിയപ്പോൾ മന്ത്രിക്കുപോലും ഇല്ലാതിരുന്ന കണക്കാണ് ഓർഗനൈസർ വെളിപ്പെടുത്തുന്നത്. ഇനി ഇന്ത്യയിലെ ജനങ്ങൾ ഭൂസ്വത്തിനെ സംബന്ധിച്ച വിവരാവകാശത്തിന് ആർഎസ്എസിന്റെ മുഖപത്രത്തിലേക്ക് അപേക്ഷകൾ സമർപ്പിക്കുകയും കത്തുകൾ അയയ്ക്കുകയും ചെയ്യേണ്ടിവരുമോ? കത്തോലിക്കാസഭയുടെ 17.29 കോടി ഏക്കർ ഭൂമിക്കും അതിലെ വസ്തുവകകൾക്കും കല്പിച്ചിരിക്കുന്ന മൂല്യമായ 20000 കോടിയെ അടിസ്ഥാനമാക്കിയാൽ ഏക്കറിന് 1157 രൂപ മാത്രമേയുള്ളൂ. കള്ളമാണെങ്കിലും അല്പംകൂടി ശ്രദ്ധിക്കേണ്ടേ? കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരങ്ങൾ കാലോചിതമായി മനസ്സിലാക്കാതെയാണ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിൽത്തന്നെ പത്തിലധികം എഞ്ചിനീയറിങ് കോളജുള്ളപ്പോൾ എണ്ണത്തിൽ പകുതിപോലും ഓർഗനൈസർ ചേർത്തില്ല എന്നത് ഖേദകരമാണ്. ഈ വിവരങ്ങൾ പരിഹാസരൂപേണമാത്രമേ സ്വീകരിക്കാനാവൂ. കത്തോലിക്കാസഭയുടെ സ്ഥാപനങ്ങളുടെ എണ്ണത്തിൽ അനാഥാലയങ്ങളുടെയും അഗതിമന്ദിരങ്ങളുടെയും കണക്ക് ഒഴിവാക്കിയതിൽ എതിർപ്പുണ്ട്. സ്ഥിതിവിവരക്കണക്കുകൾ അവതരിപ്പിക്കുമ്പോൾ കൃത്യത ആവശ്യമാണല്ലോ. രാഷ്ട്രത്തിന്റെ സ്വരമാണെന്ന് അഭിമാനിക്കുന്ന ഓർഗനൈസർ അല്പംകൂടി ശ്രദ്ധിക്കേണ്ടതായിരുന്നു. അർധസത്യങ്ങൾ അസഹിഷ്ണുതയോടെ അവതരിപ്പിച്ച 'ഓർഗനൈസർ' ജബൽപ്പൂരിലും ഒഡീഷയിലുമൊക്കെ ഈ ദിവസങ്ങളിൽ നടന്ന ക്രൈസ്തവപീഡനത്തെക്കുറിച്ച് നിശ്ശബ്ദത പാലിക്കുന്നു. ഈ പീഡനം നടത്തിയവരുടെയും നുണലേഖനം പ്രചരിപ്പിക്കുന്നവരുടെയും ബലം, അധികാരത്തിൽ തങ്ങളുടെ പാർട്ടിയാണെന്ന ധൈര്യമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശത്തിന്മേൽ അസത്യപ്രചാരണങ്ങളും അക്രമപ്രവർത്തനങ്ങളുമായി വരുന്നവരെ നിയന്ത്രിക്കാൻ കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും സർക്കാരുകൾ തയ്യാറാകണം. സത്യംകൊണ്ടും അഹിംസകൊണ്ടും സ്വാതന്ത്ര്യം നേടിയെടുത്ത രാജ്യത്തിന്റെ മണ്ണ് അസത്യത്താലും ഹിംസയാലും മലിനമാക്കരുത്. മതേതരത്വഇന്ത്യയിൽമാത്രമേ ന്യൂനപക്ഷങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണമുണ്ടാകൂ.

**അറിയിപ്പ്**

ഈസ്റ്റർ പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്തയാഴ്ച ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

– പത്രാധിപർ



# തിരിച്ചറിവിന്റെ തീൻമേശ



ഫാ. കുര്യൻ തടത്തിൽ

യാത്ര... 'ഭൂമിയുടെ അതിർത്തികൾ വരെ' (അപ്പ. പ്രവ. 1:8) സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ തിരുസ്സഭ നടത്തുന്ന പ്രേഷിതയജ്ഞത്തിന്റെ മുന്നറിവാണ് എമ്മാവൂസ് യാത്ര. സ്വർഗീയസഹയാത്രികനെ 'തിരിച്ചറിയാനാകാത്തവിധം' (ലൂക്കാ. 24:16) മൂടിപ്പോയ ശിഷ്യനേത്രങ്ങൾക്കു ദർശനവും 'കർത്താവിന്റെ വചനം ലഭിക്കാനാവാത്തവിധം ക്ഷാമ'(ആമോസ് 8:11)മുണ്ടായ മനുഷ്യഹൃദയങ്ങൾക്കു ജ്വലനവും സമ്മാനിച്ച വചനത്തിന്റെയും അപ്പത്തിന്റെയും അധിനാഥൻ സഭയുടെ സകലസഞ്ചാരങ്ങളിലുമുണ്ടെന്നത് ഒരു യാഥാർഥ്യമാണ്.

എല്ലാ സംഭാഷണങ്ങളും സംവാദങ്ങളും സംഭവകേന്ദ്രീകൃതമാണ്. എമ്മാവൂസ്‌യാത്രയുടെ വിശദാംശങ്ങളും സംഭവങ്ങളെ ചുറ്റിപ്പറ്റിയാണ്. ഈശോയെ സംബന്ധിക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള സംവാദങ്ങളിൽ അവിടുന്ന് സഹയാത്രികനാണ്. ഈശോയുടെ പരിത്രാണകൃത്യങ്ങൾ ശിഷ്യന്മാരുടെ സംഭാഷണവിഷയമായിരുന്നെങ്കിലും അവരുടെ ഹൃദയം കഠിനവും മന്ദവുമായിരുന്നു. അപരിചിതരൂപേണ ശിഷ്യർക്കൊപ്പം യാത്ര ചെയ്ത ഈശോ നേർക്കാഴ്ചകളുടെ സാകല്യമായി അവരിൽ നിത്യം സഞ്ചരിക്കുകയാണ്.

'നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ' (ലൂക്കാ. 24:18) എന്നു ചോദിച്ചവൻ - ക്ലയോപ്പാസ്, 'സംഭവ'ത്തെപ്പറ്റി പരിചിതനല്ല എന്നതാണു കൗതുകം. അതുകൊണ്ടുതന്നെ അവന്റെ അനുഭവസാക്ഷ്യത്തിനു നിറമില്ല, സുതാര്യതയില്ല, പൂർണതയുമില്ല. അറിയാതെ പോയതും അറിയേണ്ടതുമായ സംഭവം ഈശോയുടെ ഉയിർപ്പാണ്. അതേ, ഉയിർത്തെഴുന്നേറ്റവനെ ഉൾക്കൊള്ളാനുള്ള കരുത്തു നഷ്ടപ്പെട്ടതാണ് ക്രിസ്ത്യാനിയുടെ ഹൃദയമന്ദത. ഈശോയുടെ നിത്യത്വത്തെ സംബന്ധിച്ചുള്ള അജ്ഞതയാണ് യഥാർഥത്തിലുള്ള അപരിചിതത്വം. അപരിചിതൻ പരിചയമില്ലാത്ത കാര്യങ്ങൾ പരിചയരൂപേണ സംസാരിക്കുന്നതാണ് ഇന്നിന്റെ സംഭാഷണങ്ങളിലെ കപടതയും അപകടങ്ങളും.

കണ്ണു മൂടിപ്പോയവരും (വാക്യം 16) ഹൃദയം മന്ദീഭവിച്ചവരും (വാക്യം 25) തിരിച്ചറിവുകൾ നഷ്ടപ്പെട്ടവരാണ്. അങ്ങനെയുള്ളവർക്ക് മഹത്ത്വത്തിലേക്കു പ്രവേശിച്ചവനെ ഗ്രഹിക്കാനാവില്ല. അത്തരക്കാരുടെ കണ്ണു തുറപ്പിക്കാനും (വാക്യം 31) ഹൃദയം ജ്വലിപ്പിക്കാനും (വാക്യം 32) വേണ്ടിയാണ് നിത്യജീവന്റെ അപ്പമായവൻ നിത്യസഹയാത്രികനായിരിക്കുന്നത്.

സഞ്ചാരി വെളിപാടുകളുടെ ഹൃദയഭൂമികയിൽ ചേക്കേറുന്നവനാണ്. പാദമുറപ്പിച്ച് മണ്ണിൽ യാത്ര ചെയ്യുമ്പോഴും ഹൃദയമുറപ്പിച്ച് വിണ്ണിൽ യാത്ര ചെയ്യാനായാൽ അതു പുണ്യജന്മമാണ്.

വി. ലിഖിതങ്ങളുടെ ബൃഹദാഖ്യാനങ്ങൾക്കു വിശുദ്ധാലയത്തിൽ (1 കൊറി. 3:16, 17; 6:19) പ്രതിഷ്ഠ അനുവദിച്ചപ്പോൾ ശിഷ്യന്മാരുടെ ഹൃദയഭൂമി ജ്വലിച്ചു. നേരും നെറിയും അവർ തിരിച്ചറിഞ്ഞുതുടങ്ങി. സഹയാത്രികന്റെ നിത്യസാന്നിധ്യത്തിന് 'നിർബന്ധത്തിന്റെ' (ലൂക്കാ 24:29) ഭാഷാരൂപം അവർ കല്പിച്ചുനൽകി. യാത്ര തുടരുകയാണെന്നു ഭാവിച്ച (വാക്യം 28) ഈശോ വെറുമൊരു യാത്രികനല്ല, 'കൂടെ താമസിക്കുന്നവ' (വാക്യം 29)നാണെന്നു വെളിപ്പെടുകയാണിവിടെ. ഒരേസമയം കൂടെ വസിക്കുകയും കൂടെ



സഞ്ചരിക്കുകയും ചെയ്യുന്നവനാണ് മിശിഹാ. കാലവും ദേശവും അവന്റെ യാത്രയ്ക്ക് അറുതി വരുത്തുന്നില്ല. ഈശോയുടെ ഈ യാത്ര 'യുഗാന്തംവരെ എന്നും നമ്മോടൊപ്പമുണ്ടായിരിക്കും' (മത്താ. 28:20). സഞ്ചാരത്തിന്റെയും സംവാദത്തിന്റെയും സാർവകാലികരൂപമാണ് കർത്താവായ ക്രിസ്തു.

സ്വർഗീയസഹയാത്രികനായ ഈശോയുടെ മഹാസാന്നിധ്യം ശിഷ്യന്മാരുടെ ഹൃദയശൂന്യതയിൽ ഉഷസ്സായി നിറയുകയും ഹരിതാഭമായ സൗഹൃദകൂടാരങ്ങളിൽ താവളമടിക്കാൻ അതവരെ പ്രേരിപ്പിക്കുകയും ചെയ്തു. 'ഞങ്ങളോടുകൂടെ താമസിക്കുക, പകൽ അസ്തമിക്കാറായി' (വാക്യം 29) എന്ന ശിഷ്യമൊഴി വഴിയാത്രക്കാരനോടല്ല, സ്വജീവിതത്തോടു തോന്നിയ സഹതാപതരംഗമാണ്. അതായത്, തങ്ങളുടെ ഹൃദയശൂന്യതയകറ്റിയ പകലിനെ അവർ തിരിച്ചറിഞ്ഞുതുടങ്ങിയെന്നു സാരം. നിരാശയും ദുഃഖവും പടർന്നുപിടിച്ച ശിഷ്യമനസ്സുകളുടെ തമസകറ്റാൻ കഴിയുന്ന പകലിന്റെ ഉടയവനായ കർത്താവിനെ തിരിച്ചറിഞ്ഞ്, 'തങ്ങളോടൊപ്പം താമസിക്കണേ'യെന്ന് അവർ കേണപേക്ഷിക്കുകയാണ്. ഇരുളോടിണചേരാൻ വിധിക്കപ്പെട്ടവരെല്ലാം ആത്മാർഥമായി ജപിക്കേണ്ട പ്രാർഥനയാണിത് - 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' (വാക്യം 29).

വചനമേശയിൽനിന്ന് അപ്പമേശയിലേക്കുള്ള നടപ്പാത നാമോരോരുത്തരുടെയും മുമ്പിൽ സുതാര്യമാകണം. തീൻമേശ തിരിച്ചറിവിന്റെ മേശയാകുന്നു, ദർശനങ്ങളുടെ ഇടമാകുന്നു. തീൻമുറിയിൽ അന്നദാതാവുണ്ടെന്ന കാര്യം നാം മറക്കരുത്. നിന്റെ തീൻമേശയിൽ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് നിനക്കായി വിളമ്പുന്ന 'ആതിഥേയനെ' നീ തിരിച്ചറിയുന്നുണ്ടോ? ഭക്ഷണമേശയിൽ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഹൃദയസംവേദനം നടക്കുന്നുണ്ടെങ്കിൽ അവിടെ ആചാര്യപാദരുടെ പാഥേയമുണ്ട്. ഒരുമിച്ചു പ്രാർഥിക്കുന്ന കുടുംബം ഒരുമിച്ചു നിൽക്കുന്നതുപോലെ, ഒരുമിച്ചു ഭക്ഷിക്കുന്ന വീടും കേടുകൂടാതെയും നിറം മങ്ങാതെയും 'മലമുകളിൽ പണിതുയർത്തിയ പട്ടണംപോലെ' (മത്താ. 5:14) പ്രകാശിക്കുകതന്നെ ചെയ്യും.

അപ്പം മുറിച്ചുവിളമ്പിയപ്പോൾ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടു എന്നാണല്ലോ തിരുവചനത്തിൽ നാം വായിക്കുന്നത്. തുറക്കപ്പെട്ട കണ്ണുകൾ ജീവിതമാകെ പ്രകാശം പ്രസരിച്ചതിന്റെ പ്രതീകമാണ്. ശാരീരികവ്യാധികളും വൈകല്യങ്ങളും അകന്നതിന്റെ സൂചനയാണ് "കണ്ണ് ശരീരത്തിന്റെ വിളക്കാണ്. കണ്ണു കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും" (മത്താ. 6:22). ദർശനങ്ങൾ ജീവിതത്തിന്റെ വിളക്കുകളാണ്. അന്നവും അന്നദാതാവുമൊക്കെ ജീവിതത്തെ വിമലീകരിക്കുന്ന സുവിശേഷരൂപങ്ങളാണെന്നു നാം തിരിച്ചറിയണം. അതുകൊണ്ടുതന്നെ, ഈലോകത്തിലെ പ്രശ്നകലുഷിതമായ അന്തരീക്ഷഘടനയിൽനിന്ന് ഊട്ടുമുറിയുടെ സ്വച്ഛതയിലേക്കു പ്രയാണം ചെയ്യാൻ നാം ഔത്സുക്യം കാണിക്കണം. കുടുംബജീവിതത്തിലെ അന്തരീക്ഷഘടനയ്ക്കു നിറം മങ്ങിയിട്ടുണ്ടെങ്കിൽ, താളം തെറ്റിയിട്ടുണ്ടെങ്കിൽ അതു നിന്റെ ഊട്ടുമേശ പൊടിപിടിച്ചു കിടക്കുന്നതുകൊണ്ടാവാം. ഈ ഭൂമിയിൽ കിട്ടാവുന്ന സൗഹൃദത്തിന്റെ അനുഗൃഹീതവേദിയായി നമ്മുടെ കുടുംബങ്ങളിലെ തീൻമേശകളെ രൂപാന്തരപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. എത്ര തിരക്കുണ്ടായാലും ദിവസം ഒരു നേരമെങ്കിലും മാതാപിതാക്കളും മക്കളും തിരിച്ചറിവിന്റെ തീൻമേശയ്ക്കു ചുറ്റുമിരിക്കാൻ സമയം കണ്ടെത്തിയേ പറ്റൂ.

കുടുംബത്തിൽനിന്നുറവെടുക്കുന്ന അപ്പക്കൂട്ടായ്മകളാണ് ഇടവകയും സഭയുമാകുന്ന ആശീർവദിക്കപ്പെട്ട വലിയ കുടുംബങ്ങളെ രൂപീകരിക്കുന്നതും വിപുലീകരിക്കുന്നതും നിലനിറുത്തുന്നതും. അനുരഞ്ജനത്തിന്റെ വിരുന്നൂട്ടുകളെ അവഗണിക്കാതിരിക്കാം. ഭക്ഷണമേശ തിരിച്ചറിവുകളുടെ സംഗമഭൂമിയാണെങ്കിൽ അവിടെനിന്നകലം പാലിക്കാതിരിക്കുക. വിരുന്ന് ഉപവാസത്തിന്റെ (കൂടെ വസിക്കുക) അർഥം വ്യാഖ്യാനിക്കുന്ന സുന്ദരമായ ഇടമാണ്. നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും എന്നത് വിരുന്നിന്റെ പശ്ചാത്തലത്തിലാണ് പ്രസക്തമാകുന്നത്. മരുന്നായ വിരുന്നുണ്ണാൻ ഞങ്ങളെ പഠിപ്പിക്കണേയെന്നത് നിത്യവും വിരുന്നൊരുക്കുന്നവനോടുള്ള പ്രാർഥനയാണ്. പരിശുദ്ധ അൾത്താര സമ്മാനിക്കുന്ന സ്വർഗീയമന്ന ആസ്വദിച്ചാഹരിക്കുന്നതിനുള്ള തിരിച്ചറിവിന്റെ തീൻമേശകളാകട്ടെ നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഓരോ വിരുന്നുവേളയും.

ഈസ്റ്റർ – വിഷു ആശംസകൾ
മംഗളമുഹൂർത്തങ്ങൾക്കു
തൃപ്തികരമായ വിഭവങ്ങളുമായി
തൃപ്തി
കേറ്ററിംഗ് സർവീസ്
മേവട, പാലാ
Mob : 9495165034
ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച്
കൃത്യസമയത്ത് മിതമായ നിരക്കിൽ
എത്തിച്ചുകൊടുക്കുന്നു.



# തിരുവുത്ഥാനം നല്കുന്ന തിരിച്ചറിവുകൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്



ഈസ്റ്റർ ആചരണങ്ങളുടെ വൈവിധ്യം വിവരിക്കുക പ്രയാസമാണ്. ഓരോ രാജ്യത്തിനും പ്രദേശത്തിനും തനതായ രീതികളും ശൈലികളുമുണ്ട്.

ഫിൻലൻഡിൽ, ഈസ്റ്റർസായംകാലത്ത് കുട്ടികൾ മുഖം വിരൂപമാക്കി തെരുവിലിറങ്ങും. അവിടെനിന്ന് അതും ഇതുമൊക്കെ സമ്പാദിച്ച് മടങ്ങിയെത്തും. പിന്നീട്, ദുഷ്ടാരൂപികളെ ഒഴിവാക്കാനെന്ന സങ്കല്പത്തിൽ തുറസ്സായ ഒരു സ്ഥലത്ത് വലിയൊരു ആഴികൂട്ടി അവയെല്ലാം കത്തിക്കും. തണുപ്പകറ്റാനും അതു സഹായകമാകുമല്ലോ.

ക്രൈസ്തവലോകത്തിലെ ഏറ്റവും വർണശബളമായ ഈസ്റ്റർ ആഘോഷങ്ങൾ യുക്രെയ്ൻ ദൈവാലയങ്ങളിലാണ്.

പൂക്കളും മറ്റു കാഴ്ചവസ്തുക്കളുമായി ആളുകൾ യഥാസമയം ദൈവാലയങ്ങളിൽ എത്തുകയായി, എല്ലാ അന്തരങ്ങളും അഭിപ്രായവ്യത്യാസങ്ങളും മറന്ന്. തിരുക്കർമങ്ങളുടെ പ്രാരംഭവേളകളിൽ പരിപൂർണ അന്ധകാരമായിരിക്കും. യേശുവിനെത്തേടി കല്ലറയിലേക്കു നീങ്ങിയ ഭക്തസ്ത്രീകളെ അനുസ്മരിച്ചുകൊണ്ട് ഒരു പ്രദക്ഷിണവും കൂട്ടത്തിലുണ്ടാകും – അതും തികഞ്ഞ അന്ധകാരത്തിൽ.

പ്രധാനഘട്ടത്തിൽ 'ലോകത്തിന്റെ പ്രകാശമായ മിശിഹാ സത്യമായും ഉയിർത്തെഴുന്നേറ്റു, ഹല്ലേലുയ്യാ' എന്ന തിരുവചനം കാർമികൻ ഉച്ചത്തിൽ ഉരുവിടുന്നതോടെ ദൈവാലയത്തിലും പരിസരങ്ങളിലുമുള്ള സർവദീപങ്ങളും അലങ്കാരങ്ങളും ഒന്നിച്ച് ഒറ്റയടിക്കു മിന്നിത്തെളിയുന്നതു വലിയൊരു അനുഭൂതിയാണ്!

യുക്രെയ്ൻകാരെ സംബന്ധിച്ചിടത്തോളം തമാശയുണ്ടാക്കി സന്തോഷിക്കുന്ന ദിവസം ക്രിസ്മസാണ്. എന്നാൽ, ഈസ്റ്റർ അങ്ങനെയല്ല. വളരെ പ്രധാനപ്പെട്ട ദിവസമാണത് – വലിയൊരു തയ്യാറെടുപ്പിന്റെയും നീണ്ടുനിന്ന ഉപവാസങ്ങളുടെയും ബാക്കിപത്രം!

നോമ്പുകാലം മുഴുവൻ മിക്കപേർക്കും കഠിനമായ തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിവസങ്ങളാണ്. വർജ്യങ്ങളായ ഭക്ഷണപദാർഥങ്ങൾ ഒന്നും അവർ കഴിക്കാറില്ല. എന്നാൽ, ഈസ്റ്റർ ദിവസം സർവനിയന്ത്രണങ്ങളും വിലക്കുകളും അവസാനിക്കുന്നതുകൊണ്ട് യഥേഷ്ടം തിന്നുകുടിച്ചു സന്തോഷിക്കാനും അവർ മറക്കാറില്ല.

ആദിയിലോളം ഇതുപോലൊരു അനുഭവമായിരുന്നല്ലോ. ഹൃദയം നിറയെ വേദനയുമായിട്ടാണ് മഗ്ദലനമറിയം കല്ലറയിലേക്കു നീങ്ങുന്നത്. പക്ഷേ, തിരിച്ചോടുന്നത് ആ മറിയമല്ല. അവളുടെ ഭാവം ആകെ മാറി. എന്തോ കൈവന്നു; എന്തോ മനസ്സിലായി: "യേശു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു." (ലൂക്കാ 24:5) ഈ വലിയ സന്തോഷവാർത്ത എത്രയും തിടുക്കത്തിൽ പങ്കുവയ്ക്കുവാനാണ് അവൾ ഓടുന്നത്; മറ്റു സ്ത്രീകൾ ഓടുന്നത്, യോഹന്നാൻ ഓടുന്നത്, പത്രോസും പായുന്നത്.

ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷവാർത്ത (ലൂക്കാ 2:10) എന്നാണല്ലോ യേശു ജനിച്ചപ്പോൾ കർത്താവിന്റെ ദൂതൻ ഉയരങ്ങളിൽനിന്ന് ഉദീരണം ചെയ്തത്. അതുപോലൊരു വൃത്താന്തമാണ്–സന്തോഷവാർത്തയാണ് ഇപ്പോഴും കർത്താവിന്റെ ദൂതന് അറിയിക്കാനുള്ളത്: "അവൻ ഇവിടെയില്ല. അരുൾ ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു" (മത്താ. 28:6). ഇതാണ് ഏറ്റവും വലിയ വാർത്ത സദ്വാർത്ത; ഏറ്റവും വലിയ വിശേഷം – സുവിശേഷം: "യേശു ഉയിർത്തെഴുന്നേറ്റു."

പകലത്തെ അധ്വാനം മൂലം അവശനായി കിടന്നുറങ്ങുകയായിരുന്ന തിരുവനന്തപുരംകാരൻ പരമേശ്വരൻ. തല പൊക്കാൻ വയ്യാത്ത തളർച്ച! അപ്പോഴാണ് ഫോൺ ബെൽ അടിക്കുന്നത്. നശിച്ച ഫോൺ! അയാൾ വീണ്ടും തിരിഞ്ഞുകിടന്നുറങ്ങി. വീണ്ടും വീണ്ടും ഫോൺബെൽ! സഹിക്കവയ്യാതെ വന്നപ്പോൾ കിടന്ന കിടപ്പിൽത്തന്നെ അയാൾ അതെടുത്തു. അതാ, ഒരു സന്ദേശം: "പരമേശ്വരാ, നിന്റെ ലോട്ടറി ടിക്കറ്റിന് ഒന്നാം സമ്മാനം!"

പിന്നെ, അയാൾക്ക് ഉറങ്ങാനേ കഴിഞ്ഞില്ല–ഉള്ളിലൊതുക്കാൻ പറ്റാത്ത ഒരു വാർത്ത! അയാൾ പിടഞ്ഞെണീറ്റു. വസ്ത്രങ്ങൾപോലും മാറാതെ അടുത്ത വീടുകളിലേക്കോടി. സുഹൃത്തുക്കളോടും സഹോദരങ്ങളോടും വിളിച്ചുപറഞ്ഞു: "എനിക്കു സമ്മാനം കിട്ടി! എന്റെ ടിക്കറ്റിന് ഒന്നാംസമ്മാനം."

അതുപോലെയായിരുന്നു ഭക്തസ്ത്രീകൾക്കും ശിഷ്യന്മാർക്കും. ഉള്ളിലൊതുക്കാനാവാത്ത ഒരു സന്ദേശം കല്ലറയിൽനിന്ന്.

താൻ ദൈവപുത്രനാണ്, ദൈവം തന്നെയാണ് എന്നു സ്ഥാപിക്കാൻവേണ്ടിയായിരുന്നു യേശുവിന്റെ അദ്ഭുതങ്ങളത്രയും. യേശു പ്രവർത്തിച്ച ഏറ്റവും വലിയ അദ്ഭുതമാണ് തന്റെ ഉത്ഥാനം. അവിടെയാണ് യുക്രെയ്ൻകാർ മതിമറന്നു സന്തോഷിക്കുന്നതും ആനന്ദനൃത്തം വയ്ക്കുന്നതും. ആ ദിവ്യാനുഭവത്തിൽ പങ്കുചേരാൻ നമുക്കും ഇടവരുമാറാകട്ടെ.

## വായന

### ജോസഫ്

**മൗനം ധരിച്ചവൻ, സ്വപ്നം കണ്ടവൻ**

എഡിറ്റർ : അലക്സ് കിഴക്കേക്കടവിൽ, കപ്പൂച്ചിൻ
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 190




സുവിശേഷത്തിലെ നിശ്ശബ്ദസാന്നിധ്യമായ യൗസേപ്പിതാവിനെ സമഗ്രമായി വിലയിരുത്തുന്ന ഗ്രന്ഥം. പ്രഥമദൃഷ്ട്യാ ആരാലും അറിയപ്പെടാതെ ജീവിതം നയിച്ച വെറുമൊരു മരപ്പണിക്കാരനെങ്കിലും യേശുവിനോടും കന്യകാമാതാവായ മറിയത്തോടും തൊട്ടുനിൽക്കുന്ന യൗസേപ്പിന്റെ വിനീതവ്യക്തിത്വത്തിന്റെ സൂക്ഷ്മപരിശോധനയിലൂടെ അദ്ദേഹത്തിന്റെ പ്രസക്തിയും പ്രാമാണികതയും ഗ്രന്ഥം വെളിവാക്കുന്നു.




ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ആകർഷണം എന്നത്, തികച്ചും ആപേക്ഷികമാണ്






ജോർജ്ജ് കാടൻകാവിൽ
ഡയറക്ടർ ബെത്‌ലെഹം മാട്രിമോണിയൽ
92493 92518


## ഒരു വിവാഹാലോചന വരുമ്പോൾ അതിൽ നിങ്ങളെ ആകർഷിക്കുന്നത് എന്തെല്ലാമാണ്?

പ്രൊപ്പോസൽ ഇഷ്ടപ്പെടുന്നതിന്റെയും നിരസിക്കപ്പെടുന്നതിന്റെയും കാരണങ്ങൾ, വിവാഹം അന്വേഷിക്കുന്നവരിൽനിന്നു നേരിട്ടു കേൾക്കാനും ഇതേക്കുറിച്ച് പങ്കാളിത്തശൈലിയിൽ എല്ലാവരും മനസ്സിലാക്കിയെടുക്കാനും എന്തെങ്കിലും പരിഹാരമുണ്ടോയെന്നു കൂട്ടായി കണ്ടെത്താനും ഉദ്ദേശിച്ചാണ് ഈ വിഷയം പാലായിൽ വച്ചുനടന്ന 288-ാമത് ബെത്‌ലെഹം വൈവാഹികസംഗമത്തിൽ ചർച്ചയ്ക്കെടുത്തത്.

അനുഭവസ്ഥരുടെ ഈ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ബെത്‌ലെഹമിലെ പ്രൊപ്പോസലുകൾ, ഞാൻ വീണ്ടും പരിശോധിച്ചു. ശരാശരി 22 ശതമാനം പ്രൊപ്പോസലുകൾക്കാണ് ആലോചന തുടരാൻ താത്പര്യമില്ല എന്നു മറുപടി ലഭിക്കാറുള്ളത്. നാലു ശതമാനത്തിനാണ് തുടരാമെന്നു മറുപടി ലഭിക്കുന്നത്. ബാക്കി 74 ശതമാനം പ്രൊപ്പോസലുകൾക്ക് എന്താണു സംഭവിക്കുന്നതെന്നു ചിന്തിച്ചു ഞാൻ കണ്ടെത്തിയത് ഇതായിരുന്നു: വന്ന പ്രൊപ്പോസലിനോട് പ്രഥമദൃഷ്ട്യാ ആകർഷണം തോന്നിയില്ല, അത്രമാത്രം.

പ്രിയപ്പെട്ടവരേ, ആകർഷണം എന്നത് തികച്ചും ആപേക്ഷികമാണെന്നു നമ്മൾ ചിന്തിച്ചിട്ടേയില്ലെന്ന് എനിക്കു തോന്നുന്നു. അതുകൊണ്ട് ഇതേക്കുറിച്ചു ക്രിയാത്മകമായി കൂടുതൽ ചിന്തിക്കാനും നിങ്ങളുടെ സമസ്യ മറികടക്കാനും ഇനി പറയുന്ന കാര്യങ്ങൾ മനസ്സിരുത്തി ഒന്നു ശ്രദ്ധിക്കണേ.

**Learn, Un-Learn, Re-Learn**

ഓരോ മനുഷ്യജീവിയും അമ്മയുടെ ഗർഭപാത്രത്തിൽനിന്നുതന്നെ ഓരോ കാര്യവും പഠിക്കാൻ ആരംഭിക്കുന്നു. പിന്നെ മാതാപിതാക്കളിൽനിന്നും വളർത്തുന്നവരിൽനിന്നും, അധ്യാപകരിൽനിന്നും സഹജീവികളിൽനിന്നുമൊക്കെയായി, അനുനിമിഷം ഓരോന്നു പഠിച്ചുകൊണ്ടേയിരിക്കുന്നു. ഇങ്ങനെ പഠിച്ച അറിവിൽനിന്നാണ് നമ്മുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും, നല്ലതും മോശവും, ആകർഷണങ്ങളും വികർഷണങ്ങളും, നിസ്സംഗതയും ഒക്കെ രൂപപ്പെടുന്നത്.

ഒരിക്കൽ പഠിച്ചത് ഇപ്പോൾ പ്രസക്തമാണോ കാലോചിതമാണോ എന്നു ചിന്തിക്കാൻ നമ്മൾ പലപ്പോഴും മറന്നുപോകാറുണ്ട്. അതുകൊണ്ടാണ് HR ട്രെയിനിങ് പ്രോഗ്രാമുകളിലെല്ലാം Learn, Un-Learn, Re-Learn എന്ന് മുദ്രാവാക്യംപോലെ ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഏതൊരു കാര്യത്തിലും നമ്മുടെ ചിന്തയിൽ ഒരു തീരുമാനം വരുമ്പോൾ ഇതു തോന്നുന്നത് എന്റെ അറിവിൽ (Learn)നിന്നാണോ, ആ അറിവ് ഇപ്പോൾ ഇക്കാര്യത്തിൽ പ്രസക്തമാണോ, ഇതിനെന്തെങ്കിലും ഗുണവശമുണ്ടോ, മറുവശമുണ്ടോ എന്നൊക്കെ ചിന്തിക്കാനായി നമ്മൾ ഇതുവരെ പഠിച്ചത് അല്പനേരത്തേക്കെങ്കിലും മാറ്റിവയ്ക്കുന്നതിനാണ് Un-Learn എന്നു പറയുന്നത്.

ഈ കാര്യത്തിൽ ആനുകാലികവും പ്രസക്തവും പ്രായോഗികവുമായ പുതിയ മാർഗങ്ങളുണ്ടോ എന്നന്വേഷിച്ചു കണ്ടെത്തി, അതു പഠിച്ച്, പുതിയ കാഴ്ചപ്പാടുണ്ടാക്കി, നമ്മുടെ അപ്പപ്പോഴത്തെ ആവശ്യം ന്യായമായി സാധിച്ചെടുക്കാനുള്ള മാർഗം പഠിച്ചെടുക്കുന്നതിനാണ് Re-Learn എന്നു പറയുന്നത്.

വിവാഹാലോചനകൾ ഒന്നും ശരിയാകുന്നില്ല എന്നു വിഷമിക്കുന്നവർ അവരുടെ മനസ്സിൽ ഇപ്പോഴുള്ളത് തത്ക്കാലത്തേക്ക് ഒന്ന് Un-Learn ചെയ്തിട്ട്, ഇനി ഇവിടെ പറയുന്ന കാര്യങ്ങൾ ഒന്ന് Re-Learn ചെയ്തു നോക്കൂ...

**എന്തായിരുന്നു നിങ്ങളുടെ ആവശ്യം, വിവാഹം മാത്രമായിരുന്നോ?**

ഈ പ്രപഞ്ചം സൃഷ്ടിച്ചു സംവിധാനം ചെയ്യുന്ന സ്രഷ്ടാവിനു നിങ്ങളെക്കൊണ്ട് ഏതോ ആവശ്യമുള്ളതിനാലാണ്, നിങ്ങൾ ഒരു പുരുഷനോ സ്ത്രീയോ ആയി ഈ ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടത്.

ഇനി നിങ്ങൾ മരിക്കുന്നതുവരെ, ആ സംവിധായകൻ അപ്പപ്പോൾ നിശ്ചയിച്ചുതരുന്ന റോളിൽ, നിങ്ങൾക്കിവിടെ ജീവിച്ചേ മതിയാകൂ. നിങ്ങൾക്കു ലഭിച്ച റോളിനോട് നിങ്ങൾ കാണിക്കുന്ന ആത്മാർത്ഥതയും തീക്ഷ്ണതയും മികവും നിങ്ങളുടെ ഇന്റഗ്രിറ്റിയും അനുസരിച്ച് സംവിധായകൻ കൂടുതൽ മികച്ചതോ അല്ലാത്തതോ ആയ റോളുകൾ നിങ്ങൾക്കു തന്നുകൊണ്ടേയിരിക്കും. എല്ലാ റോളും പ്രധാനപ്പെട്ടവതന്നെയാണ്. ഇവിടെ ആരും സ്ഥിരം നായകനും നായികയും ആകുന്നില്ല. എല്ലാ മനുഷ്യർക്കും അല്പനേരത്തേക്കുമാത്രം നായകനോ നായികയോ ആകാനവസരം ലഭിക്കും.

**Everyone has a Day, Even a Dog!** അതാണ് പ്രപഞ്ചനീതി.

ഈ ബൃഹത്തായ പ്രപഞ്ചനാടകത്തിനു പുതിയ അഭിനേതാക്കളെ നിരന്തരം ലഭിച്ചുകൊണ്ടിരിക്കേതുണ്ട്. അതിനായി, സർവശക്തനും സമർത്ഥനുമായ ആ സംവിധായകൻ, ബഹുഭൂരിപക്ഷം മനുഷ്യർക്കും കൊടുത്തിരിക്കുന്ന റോളുകളിൽ, എതിർലിംഗത്തിൽപെട്ട ഒരു ഇണയെക്കൂടി വിഭാവനം ചെയ്തിരിക്കുന്നു.

അങ്ങനെ ആണും പെണ്ണുംകൂടി, ഇണയും തുണയുമായി, മനുഷ്യസാധ്യമായ എല്ലാ അനുഭവങ്ങളും അനുഭൂതികളും ആസ്വദിച്ച്, പുതിയ അഭിനേതാക്കളാകാൻ മക്കളെ സൃഷ്ടിക്കുന്നു.

ആ മക്കളെ വളർത്തി, സ്രഷ്ടാവിന്റെ നാടകം തുടരാനുള്ള പ്രാപ്തി അവർക്കു ലഭിക്കാൻ നിങ്ങളാലാവുംവിധം അവരെ സഹായിച്ചു, നിങ്ങൾ അരങ്ങൊഴിയുന്നു.

**സ്രഷ്ടാവു നിശ്ചയിച്ച ഈ ജീവിതചക്രം എത്രയും അഭികാമ്യമായ രീതിയിൽ പൂർത്തിയാക്കലായിരുന്നു നമ്മുടെ ആവശ്യം**

നിങ്ങൾക്കു ജീവിതപങ്കാളിയും മക്കളും ഉണ്ടെങ്കിലും ഇല്ലെങ്കിലും, നിങ്ങളുടെ ജീവിതചക്രം സ്നേഹത്തിലും സമാധാനത്തിലും, നിങ്ങളുടെ ചുറ്റുമുള്ളവർക്കുകൂടി പ്രയോജനകരമായവിധം സാധിച്ചെടുക്കുന്നതാണ്, യഥാർഥതൃപ്തിയും ജീവിതവിജയവും.

ആണും പെണ്ണും ചേർന്ന് ഇണയും തുണയുമായി മക്കളെ സൃഷ്ടിച്ചു ജീവിക്കാനുള്ള ഒരു സംവിധാനം അതിനാവശ്യമാണ്. ആ സംവിധാനത്തിനു നിയമസാധുതയും സാമൂഹികസംരക്ഷണവും, ലഭിക്കാനുള്ള ഒരു നടപടിയാണ് വിവാഹം.

വിവാഹത്തിനായി ഒരിണയെ ആകർഷിക്കാനുള്ള കഴിവ് എല്ലാ സൃഷ്ടികൾക്കും സ്രഷ്ടാവുതന്നെ നൽകിയിട്ടുമുണ്ട്. പക്ഷേ, നമ്മളതു ശ്രദ്ധിക്കാതെ, നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾക്കും ഷോഓഫിനുമാണ് മുൻഗണന കൊടുക്കുന്നത്. അതുകൊണ്ടായിരിക്കാം ഒരു പ്രൊപ്പോസൽ വന്നാൽ, അതിലെ ബാഹ്യഘടകങ്ങൾമാത്രം നോക്കി ഇത് ആകർഷകമല്ല എന്ന് ഏകപക്ഷീയമായി തീരുമാനമെടുക്കുന്നതും.

കടലാസിലെ വിവരങ്ങളും, ഫോട്ടോയിലെ ചന്തവുംമാത്രം നോക്കി തീരുമാനങ്ങൾ എടുക്കുന്നതുകൊണ്ടാകാം, ഒരുപക്ഷേ, ശരിക്കും ആകർഷകമായ ഇണയെ കണ്ടെത്താനാകാതെ നിങ്ങൾക്കു വിഷമിക്കേണ്ടിവരുന്നത്.

പ്രിയപ്പെട്ടവരേ, നമ്മുടെ കുട്ടികൾക്കു വിവാഹം അന്വേഷിക്കുമ്പോൾ, ഒരു പെണ്ണുകാണലിന്റെ ഔപചാരികതയില്ലാതെ പരസ്പരം കണ്ടു സംസാരിച്ചു വിലയിരുത്താൻ ഒരവസരം ലഭിച്ചാൽ മാറാനുള്ള വിഷമംമാത്രമല്ലേ ഇതിലുള്ളത്. അതിനുവേണ്ടിയാണ് ബെത്‌ലെഹം വൈവാഹികസംഗമങ്ങൾ പതിവായി നടത്തിവരുന്നത്.

വിവാഹാർഥികൾക്ക്, സഹജീവികളുടെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കാനും പരസ്പരമുള്ള ഇടപെടലുകളിലെ അർഥങ്ങളും അനർഥങ്ങളും തിരിച്ചറിഞ്ഞ് സ്വന്തം പെരുമാറ്റത്തിൽ സംയമനം പാലിക്കാനും അതുവഴി ജോലിസ്ഥലത്തും കുടുംബത്തിലും സംഭവിക്കാറുള്ള അസ്വസ്ഥതകൾ പലതും ഒഴിവാക്കാനും ബെത്‌ലെഹം നടത്തിവരുന്ന ട്രാൻസാക്ഷണൽ അനാലിസിസ്സ് ശില്പശാലകൾ വളരെ സഹായകരമാണ്.

ഈ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സസ്നേഹം,
**ജോർജ് കാടങ്കാവിൽ**

Read or listen more article at www.bethlehemmatrimonial.com/editorial


ONE DAY WORKSHOP ON
TA & TEAM BUILDING
ON SATURDAY 3RD MAY 2025 AT HOTEL TAJ, KOCHI

ട്രാൻസാക്ഷണൽ അനാലിസ്സിസ്സ് &
ടീം ബിൽഡിംഗ് ഏകദിന ശില്പശാല

സാമൂഹികജീവിയായ മനുഷ്യനു സ്വന്തം ജീവിതം സുഗമമാക്കണമെങ്കിൽ തന്റെയും സഹജീവികളുടെയും സ്വഭാവരീതികൾ മനസ്സിലാക്കി പഠിച്ചു പെരുമാറിയേ മതിയാകൂ.

അതിനുതകുന്ന ചില മനഃശാസ്ത്ര മേഖലകളെക്കുറിച്ച് പരിചയപ്പെടുത്താനും, ബെത്‌ലെഹം അംഗങ്ങളെ ഇതു പരിശീലിപ്പിക്കുവാനുമാണ് ഈ ശില്പശാലകൾ ആരംഭിച്ചിരിക്കുന്നത്.

കുടുംബത്തിലും ജോലിസ്ഥലത്തും നിങ്ങളുടെയും നിങ്ങൾ ഇടപെടുന്നവരുടെയും പെരുമാറ്റം കൂടുതൽ ഫലപ്രദവും തൃപ്തികരവുമാക്കി മാറ്റുവാനും, ബന്ധങ്ങൾ മെച്ചപ്പെടുത്തി അസ്വസ്ഥതകൾ അകറ്റാനും ഈ പരിശീലനം നിങ്ങളെ പ്രാപ്തരാക്കും.

Log in to your profile and
Book your seats in advance.

SATURDAY 3rd MAY 2025
9 AM to 5 PM
Hotel Taj Vivanta, Kochi
Entry exclusively for Bethlehem Matrimonial members and their near and dear ones
Fee Rs 3,500/- per head

നിങ്ങൾ ഇടപെടുന്നവരെ ആകർഷിക്കാൻ,
ഇനി നിങ്ങൾക്കും സാധിക്കും!

SUBJECTS COVERED
I am OK – You are OK (Assertive)
PERSONALITY TYPES
EGO STATES & TRANSACTIONS
COUNSELLING THEORY
TIME MANAGEMENT

വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം
ബെത്‌ലെഹം മാട്രിമോണിയൽ

Bethlehem Matrimonial.com
Bethlehem Center for Research and Family Development,
Kaloor, Kochi-17 73069 99539, 92493 92518

ADVT



# ഈസ്റ്റർമുട്ടകൾ



പുഷ്പമ്മ ചാണ്ടി

ഈസ്റ്റർ ആഘോഷത്തിന്റെ വാണിജ്യവത്കരിക്കപ്പെട്ട ഒരു രൂപമാണ് ഈസ്റ്റർ മുട്ടകളും ഈസ്റ്റർ മുട്ടവേട്ടയുമെന്ന് പലരും പറയാറുണ്ട്. എന്നാൽ, അവയുടെ വേരുകൾ കിഴക്കൻ സംസ്കാരങ്ങളിലെ ആദ്യകാലക്രിസ്ത്യാനികളുടെ ആചാരങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണ്.

ഇന്ത്യയിൽ ഈസ്റ്റർമുട്ടകൾ അത്ര പ്രസിദ്ധമല്ലെങ്കിലും വിദേശരാജ്യങ്ങളിൽ ഈസ്റ്റർ മുട്ടകൾ പ്രതീകമായും സമ്മാനമായും നൽകുന്ന പാരമ്പര്യം പതിമ്മൂന്നാം നൂറ്റാണ്ടുമുതൽ ഉണ്ടായിരുന്നു എന്നു കരുതുന്നു. അലങ്കരിച്ച മുട്ടകൾ സമ്മാനമായി നൽകുന്ന രീതിയും ചോക്ലേറ്റ് ഈസ്റ്റർ മുട്ടകൾ നൽകുന്ന രീതിയും 19-ാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ്. ഈസ്റ്റർ സമയത്ത് കുട്ടികൾ സ്കൂളിൽ മുട്ടകളിൽ ചിത്രങ്ങൾ വരച്ചു പരസ്പരം കൈമാറും, കൂടാതെ, ഒട്ടുമിക്ക കടകളിലും അത് വില്പനയ്ക്കുണ്ട്. കൂടാതെ, ചോക്ലേറ്റ് മുട്ടകൾ കുട്ടികൾക്ക് വളരെ ഇഷ്ടമാണ്.

കിൻഡർ ജോയ് എന്ന ചോക്ളേറ്റ് മുട്ടയുടെ ആശയം ഇതിൽ നിന്നായിരിക്കും. അതിൽ ഒളിച്ചുവച്ചിരിക്കുന്ന ചെറിയ കളിപ്പാട്ടം കുഞ്ഞുങ്ങൾക്ക് ഒരു സർപ്രൈസാണ്.

ക്രിസ്തുമതത്തിൽ, ഈസ്റ്റർ മുട്ടകൾ യേശുവിന്റെ ശൂന്യമായ ശവകുടീരത്തെയും പുനരുത്ഥാനത്തെയും കൂടാതെ പുതിയ ജീവിതത്തെയും യേശുവിലുള്ള വിശ്വാസത്തിലൂടെയുള്ള നിത്യജീവന്റെ വാഗ്ദാനത്തെയും പ്രതിനിധീകരിക്കുന്നു. കട്ടിയുള്ള പുറംതോട് മുദ്രയിട്ടിരിക്കുന്ന ശവകുടീരത്തെയും മുട്ട പൊട്ടുന്നത് യേശുവിന്റെ മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പിനെയും സൂചിപ്പിക്കുന്നു.

മെസൊപ്പൊട്ടേമിയയിലെ ആദ്യകാലക്രിസ്ത്യാനികൾക്കിടയിലാണ് ഈസ്റ്റർ മുട്ടകൾ എന്ന ആചാരം ആരംഭിച്ചത്, അവർ 'ക്രിസ്തുവിന്റെ കുരിശുമരണത്തിൽ ചൊരിയപ്പെട്ട രക്തത്തിന്റെ ഓർമയ്ക്കായി' അവയിൽ ചുവപ്പുനിറം പുരട്ടി.

ആദ്യകാല ക്രിസ്ത്യൻ മിഷനറിമാർ ഈസ്റ്റർ കഥയുടെ വ്യത്യസ്തവശങ്ങളെ പ്രതിനിധീകരിക്കുന്നതിനായി മുട്ടകൾക്കു വ്യത്യസ്തനിറങ്ങൾ നൽകി. പുനരുത്ഥാനത്തെ പ്രതിനിധീകരിക്കാൻ മഞ്ഞയും സ്നേഹത്തെ പ്രതിനിധീകരിക്കാൻ നീലയും ക്രിസ്തുവിന്റെ രക്തത്തെ പ്രതിനിധീകരിക്കാൻ ചുവപ്പും അവർ ഉപയോഗിച്ചു. ചിലപ്പോൾ, മിഷനറിമാർ മുട്ടകളിൽ ബൈബിൾരംഗങ്ങൾ വരച്ചുവയ്ക്കുമായിരുന്നു.

വീടിന്റെയോ ആരാധനാലയത്തിന്റെയോ ചുറ്റിനും ഒളിച്ചുവച്ചിരിക്കുന്ന മുട്ടകൾ കുട്ടികൾ ഓടിനടന്നു കണ്ടുപിടിക്കുമ്പോഴുള്ള ആവേശം സന്തോഷമുളവാക്കുന്ന ഒരു നല്ല വിനോദമാണ്.

പല കഥകൾ ഇതിനെക്കുറിച്ചു പറയപ്പെടുന്നുണ്ട്. പലനിറത്തിലുള്ള മുട്ടകൾ ചെറിയ കുട്ടകളിൽ അടുക്കിവച്ചിരിക്കുന്നതു കാണാൻ നല്ല ഭംഗിയുണ്ട്. കൂടാതെ, നോമ്പുകാലത്തു മത്സ്യമാംസാദികളും മുട്ടയും വർജിക്കപ്പെടുമല്ലോ. അപ്പോൾ മുട്ട നോമ്പുകാലത്തിന്റെ അവസാനത്തിൽ, ഈസ്റ്റർ ഞായറാഴ്ച ആസ്വദിക്കാൻ ഒരു പ്രത്യേക വിരുന്നാക്കി മാറ്റി എന്നു കരുതാം.

■

കവിത

എസ്.ബി. പണിക്കർ

## വിഷുവും വിഷുക്കിളിയും



വിഷുവും വിഷുക്കിളിയും
വിഷുക്കിളികളീണക്കമുതിർത്തു
വിത്തും കൈക്കോട്ടും
പുലരിപ്പൂംകണി തീർക്കണ്ടേ
പൂത്തുലയും മന്ദാരം
സുവർണഹാരം നീട്ടും കൊന്നകൾ
അവർണനീയമതോർത്തോളൂ!
ചക്കരമാമ്പഴമുതിർന്നു പതിപ്പൂ
വെക്കം കരുതുകയാവോളം
നെൽക്കതിർ ഒരുപിടിവേണം തളികേൽ
നല്ക്കണി ചേലിലൊരുക്കുമ്പോൾ
അഷ്ടമംഗല്യത്തട്ടു മിനുക്കുക
ആർക്കും കണ്ണിനു കുളിരേകാൻ
മഞ്ഞലയിൽ മുങ്ങിയൊരുങ്ങാം
മഞ്ജിമയോലും നേരത്ത്
പൊന്നരുളിത്തട്ടമൊരുക്കാം
പൊന്നോടക്കുഴൽ ചേർക്കാം
കദളിപ്പഴവും കേരവുമാട്ടെ
കരളു കുളിർക്കും പൂമ്പട്ടും
കർഷകസോദര! കുത്തുക വിത്തുകൾ
ഹർഷോന്മാദം പത്താം നാൾ
മാനവമൈത്രിക്കീ വിഷുനാളിൽ
മാനസമൊന്നായ്ത്തീരട്ടെ!




# അക്കരപ്പച്ച കണ്ട് കൊതിക്കുംമുമ്പേ



ഡെനിസ് അറയ്ക്കൽ

ഞാൻ ജോലി കഴിഞ്ഞു തിരിച്ചുപോകുന്നത് മിക്കവാറും നടന്നാണ്. ടോറോന്റോയിൽ ഞാൻ താമസിക്കുന്നിടം സ്ഥലം നല്ല ഭംഗിയുള്ള പ്രദേശമായതുകൊണ്ടും ജനവാസം വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ടും കാൽനടയാത്ര നല്ല രസമാണ്.

എന്നാൽ, ഇടയ്ക്ക് ഞാൻ ബസ്സിൽ കയറി വീട്ടിലേക്കു പോകും. ബസ്സിലും ആളുകൾ പൊതുവെ കുറവാണ്. പക്ഷേ, കഴിഞ്ഞയാഴ്ച ഒരു ദിവസം വൈകിട്ടു നടന്ന ഒരു സംഭവം നിങ്ങളോടു പങ്കുവയ്ക്കാമെന്നു കരുതി. ആരെയും പേടിപ്പിക്കാനല്ല പറയുന്നത്. എല്ലാരും അറിഞ്ഞിരിക്കുന്നതു നല്ലതാണല്ലോ!

വൈകിട്ടു തിരിച്ചുപോകുമ്പോൾ മിക്കവാറും, ബസ്സിൽ ഒന്നോ രണ്ടോ ആളുകൾ ഉണ്ടാവും. ഇടയ്ക്കുവച്ച് ബസ് നിർത്തിയപ്പോൾ സുന്ദരനായ ഒരു മലയാളിചെറുപ്പക്കാരൻ കയറി. ഞാൻ താമസിക്കുന്നിടത്ത് അങ്ങനെ മലയാളികൾ ഇല്ല. അതുകൊണ്ടു തന്നെ എനിക്ക് അവനോടു സംസാരിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു, പക്ഷേ, കണ്ടപ്പോൾ എന്തോ പന്തികേട്...

ഒരു 20-22 വയസ്സ് വരും. കണ്ടാൽത്തന്നെ അറിയാം, നാട്ടിലെ ഏതോ ഇടത്തരം കുടുംബത്തിലെയാണ്. ഇവിടെ കോളജിൽ പഠിക്കാനോ മറ്റോ എത്തിയതാണ്. അവന്റെ കണ്ണ് എവിടെയും ഉറയ്ക്കുന്നില്ല. ജാക്കറ്റിന്റെ ഇടത്തെ പോക്കറ്റിനു മുകളിലായി വെള്ളം വീണു നനഞ്ഞിരിക്കുന്നു. ഒരു ഷൂസിന്റെ ലേസ് അഴിഞ്ഞുകിടക്കുന്നു.

എനിക്ക് കുറച്ചു മുമ്പിലായി അവനിരുന്നു. ബസ് കുറച്ചു മുന്നോട്ടുപോയി. പെട്ടെന്ന് ഉച്ചത്തിൽ അവൻ പാട്ടുപാടാൻ തുടങ്ങി...

"സിങ്കപ്പെണ്ണേ... സിങ്കപ്പെണ്ണേ..."

ചുറ്റും ആളുകൾ ഉള്ളതൊന്നും അറിയുന്നില്ല. ഏതോ പ്രൈവറ്റ് സ്പേസിൽ ഇരിക്കുകയാണ് എന്നാണ് അവൻ കരുതുന്നത്. കുറച്ചുകഴിഞ്ഞപ്പോൾ ഉച്ചത്തിൽ സ്വയം സംസാരിച്ചുതുടങ്ങി. ചെവിയിൽ ഇയർഫോണോ ഇയർപോഡോ ഒന്നുമില്ല. അവന്റെ ചുറ്റുമുണ്ടെന്ന് അവൻ കരുതുന്ന അദൃശ്യരായ ആളുകളോടു സംസാരിക്കുകയാണ്..

എനിക്ക് ഇറങ്ങാനുള്ള സ്റ്റോപ്പ് ആയി. അവനെ കടന്ന് മുന്നോട്ടുപോയപ്പോൾ കഞ്ചാവിന്റെ തീക്ഷ്ണഗന്ധം...

കഞ്ചാവിന്റെ മണമുള്ള മലയാളിചെറുപ്പക്കാരെ ഞാൻ കാണുന്നത് ആദ്യമായി അല്ല. പക്ഷേ, ഇത്രയും ഹെവി ഡോസ് ഞാൻ ആദ്യമായാണു കാണുന്നത്...

അപ്പോൾ തലകുനിച്ചിരിക്കുന്ന അവന്റെ ഉമിനീര് ഇറ്റിറ്റ് അവന്റെ ജാക്കറ്റിൽ വീഴുന്നത് ഞാൻ കണ്ടു.

എന്നെ നോക്കുന്നുണ്ടെങ്കിലും അവന്റെ കണ്ണുകൾ എന്നെ കാണുന്നില്ല എന്ന് എനിക്കുറപ്പാണ്.

ആഹ്!

നാട്ടിൽ ബാങ്ക് ലോൺ എടുത്ത് വിദേശത്തേക്ക് സ്വപ്നങ്ങളുമായി ഇവനെ കയറ്റിവിട്ട ഇവന്റെ മാതാപിതാക്കൾ ഇത് അറിയുന്നുണ്ടോ?

മക്കൾ ഗൾഫിലേക്കു പോയാൽ എന്താണു നടക്കുന്നതെന്ന് മാതാപിതാക്കൾക്ക് ഏകദേശം ധാരണയുണ്ട്. എന്നാൽ, വിദേശപഠനത്തിന് ഇപ്പോൾ മക്കൾ പോകുന്നിടത്തേക്ക്, നമ്മുടെ മാതാപിതാക്കൾക്ക് അത്ര എത്തിനോക്കാൻ ആയിട്ടില്ല...

മക്കളുമായി കൂട്ടുകാരെപ്പോലെ ആയിരിക്കുന്നതുകൊണ്ട്, വളരെ ഫ്രണ്ട്‌ലി ആയിരിക്കുന്നതുകൊണ്ട്, അവർ അവരുടെ ജീവിതത്തിൽ നടക്കുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളും മാതാപിതാക്കളുമായി ഷെയർ ചെയ്യില്ല.

അതുകൊണ്ട് കണ്ണുമടച്ച് നിങ്ങൾ അവരെ വിശ്വസിക്കരുത്. അവർ ഫേസ്ബുക്കിലോ ഇൻസ്റ്റഗ്രാമിലോ സ്നാപ്പ് ചാറ്റിലോ പോസ്റ്റ് ചെയ്യുന്ന ചിത്രങ്ങൾ കണ്ട് ഇതാണ് അവരുടെ ഇപ്പോഴത്തെ ജീവിതം എന്നു തെറ്റായി ധരിക്കരുത്. അതുകൊണ്ട് മക്കൾ വിദേശരാജ്യത്തു പഠിക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതായ കുറച്ചു കാര്യങ്ങളുണ്ട്:

1. പുറംരാജ്യങ്ങളിലെ ലഹരിയുപയോഗത്തെക്കുറിച്ച് നിങ്ങൾക്കു നല്ല ധാരണ ഉണ്ടായിരിക്കണം. നിയമപരമായിത്തന്നെ വിവിധതരം ലഹരികൾ ലഭ്യമായിരിക്കുന്ന നാട്ടിൽ, സർവസ്വാതന്ത്ര്യത്തോടുംകൂടി, തിളങ്ങുന്ന കണ്ണുകളുമായി ചെന്നുപെടുന്ന കുട്ടികൾ പെട്ടെന്ന് അതിൽ വീണുപോകും.

ശാസിക്കാൻ മാതാപിതാക്കളോ സമൂഹമോ ഇവിടെയില്ല. ഒരു വ്യക്തിക്ക് അവന്റെ ജീവിതത്തിൽ പൂർണമായ അവകാശമുണ്ടെന്നും ബാക്കിയുള്ളവരുടെ ജീവിതത്തിൽ കുതിരകയറാത്തിടത്തോളം അവന്റെ ശരിതെറ്റുകൾ അവന്റേതുമാത്രം എന്ന സാമൂഹികവ്യവസ്ഥിതി പിന്തുടരുന്ന രാജ്യങ്ങളിൽ ഒരു വ്യക്തി പൂർണബോധത്തോടുകൂടി, ഉത്തരവാദിത്വത്തോടുകൂടി ജീവിച്ചില്ലെങ്കിൽ ആരും തടയാൻ ഉണ്ടാവുകയില്ല.

ചുറ്റും തിരുത്താനായി ഒരുപാടു പേരുള്ള രാജ്യത്തുനിന്നു മാറി, തിരുത്താൻ ആരുമില്ലാത്ത ഒരു രാജ്യത്ത് താമസിക്കുമ്പോൾ, ഇളംമനസ്സുകളുടെ ജീവിതത്തിൽ സംഭവിക്കാവുന്ന റിസ്കുകൾ വലുതാണ്!

ഇവിടെ വരുന്ന ചെറുപ്പക്കാരെല്ലാം ഇങ്ങനെയാണെന്നും, ജീവിതത്തെക്കുറിച്ച് ബോധമില്ലാത്തവരാണെന്നുമല്ല പറയുന്നത്. ലക്ഷ്യബോധമുള്ള ചെറുപ്പക്കാർ ഇവിടെ വൻവിജയം നേടുന്നുണ്ട്.

**പ്രണയവും വിവാഹപൂർവബന്ധങ്ങളും**

നാട്ടിൽനിന്നു വരുന്നതിനുമുമ്പുതന്നെ വിദേശരാജ്യങ്ങളിൽ എവിടെ താമസിക്കണമെന്നുള്ള ഒരു ധാരണ കുട്ടികൾ ഉണ്ടാക്കുമെങ്കിലും പലപ്പോഴും പല പ്രായോഗിക കാരണങ്ങൾകൊണ്ടും അവർ ഇവിടെ വന്നു കഴിഞ്ഞ് വീടുകൾ മാറാറുണ്ട്.

ഇങ്ങനെ ചെയ്യുന്ന സമയത്ത് പലപ്പോഴും ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചു താമസിക്കാറുമുണ്ട്. ഇതു പലപ്പോഴും 'ഫ്രണ്ട്സ് വിത്ത് ബെനിഫിറ്റ്സ്' എന്ന രീതിയിലേക്കു നീങ്ങാറുമുണ്ട്.

വലിയ പ്രായമോ പക്വതയോ ഇല്ലാതെ, പലപ്പോഴും ഡിഗ്രി കഴിഞ്ഞ് നേരിട്ടു വിദേശരാജ്യങ്ങളിലേക്കു ചെല്ലുന്ന കുട്ടികൾ, ഇങ്ങനെയുള്ള ബന്ധങ്ങളിൽ വീണുപോകുമ്പോൾ, ആ ബന്ധങ്ങളോടൊപ്പം വരുന്ന, മാനസികപരമായ പ്രശ്നങ്ങൾ താങ്ങാൻ കെല്പുള്ളവരാകണമെന്നില്ല.

വെറും രണ്ടോ മൂന്നോ വർഷങ്ങൾ നീണ്ടുനിൽക്കുന്ന കോഴ്സിനിടയ്ക്ക്, ഇങ്ങനെയുള്ള ബന്ധങ്ങളിൽ ചെന്നു ചാടുമ്പോൾ, അവരുടെ പഠനം ഉഴപ്പാനും ഭാവിയെത്തന്നെ ബാധിക്കാനും ഇടയുണ്ട്.

ഇതിനെപ്പറ്റി മാതാപിതാക്കൾക്കും പൂർണബോധം വേണം. മക്കൾ എവിടെയാണു താമസിക്കുന്നതെന്നും ആരുടെ ഒപ്പമാണ് താമസിക്കുന്നതെന്നും അവർ അറിഞ്ഞിരിക്കണം, അവരുടെകൂടെ താമസിക്കുന്നവരുമായും സാധിക്കുമെങ്കിൽ കൂടെ പഠിക്കുന്നവരുമായും മാതാപിതാക്കൾ ബന്ധം കാത്തുസൂക്ഷിക്കണം.

നമ്മുടെ വിശ്വാസത്തിലും ആചാരങ്ങളിലും ഉറച്ചുജീവിക്കാനും നമ്മുടെ പാരമ്പര്യങ്ങളും സംസ്കാരവും കാത്തുസൂക്ഷിക്കാനും മക്കളെ ചെറുപ്പംമുതലേ പരിശീലിപ്പിച്ചാൽ ഏതു നാട്ടിൽ ചെന്നാലും അവർ അതനുസരിച്ചു ജീവിക്കുമെന്ന് നമുക്കുറപ്പിക്കാം. വിശ്വാസപരിശീലനക്ലാസുകളും മതപാഠശാലകളുമൊക്കെ നമ്മുടെ ജീവിതത്തിനു നല്കിയിട്ടുള്ള ഭദ്രമായ ചട്ടക്കൂടുകൾ ഒട്ടും ചെറുതല്ല. സാമ്പത്തികസുരക്ഷമാത്രം ലക്ഷ്യംവച്ച് കടൽ കടക്കുന്ന മക്കളും ഏതു വിധേനയെങ്കിലും അവരെ അതിനു പ്രേരിപ്പിക്കുന്ന മാതാപിതാക്കളും മനസ്സിലാക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതും ഇതുതന്നെയാണ്. ഈ നോമ്പുകാലം ഒരു പുനർവിചിന്തനത്തിന്റെകൂടി കാലമാകട്ടെ.

■




# കുരിശിൻചുവട്ടിലെ അമ്മ

ആ ദിനമിന്നാണല്ലോ
മകനേ! വരുന്നു ഞാൻ
ആദിയിലാലേഖനം
ചെയ്തതാണഖിലേശൻ!
വെള്ളിയാണിന്നു, വെള്ളി
നക്ഷത്രം വൈരികൾക്കോ!
അമ്മയ്ക്കോ ദുഃഖവെള്ളി;
അല്ലല്ല; ആയിക്കൂടാ!
എത്രയോ തലമുറ
കാത്തിരുന്നതാം ദിനം!
അത്രയല്ലനേകം പേർ
പ്രവചിച്ചതാം ദിനം!
മകനേ! ജീവൻ ബലി
നല്കി നീ പകരമായ്
നരനു സ്വർഗം നേടി-
ക്കൊടുക്കുവാൻ തുനിയുന്നു!
നിൻ കൃത്യം മഹനീയം
മറ്റാർക്കും പറ്റാത്തതും
നിന്നമ്മ, എനിക്കുമീ
പാത പിന്തുടരണം
മർത്ത്യരക്ഷയ്ക്കായ് കർത്ത്യ-
ദാസിയായ് നാന്ദിയുമായ്!
സത്യമാണല്ലോ തെല്ലും
മറക്കാൻ കഴിയുമോ!
ദേവമാതാവാണു ഞാൻ
മകനേ പരമാർഥം!
മാനവരെന്റെ കൊച്ചു
മക്കളാണല്ലോ മക്കൾ
അവരെ രക്ഷിക്കാനും
സ്വർഗത്തിൽ കരേറ്റാനും
അഭിവാഞ്ഛയില്ലാത്തൊ-
രമ്മയെ കേൾപ്പാനുണ്ടോ!
അർഭകനേറ്റീടുന്ന
ശിക്ഷയ്ക്കും രക്ഷയ്ക്കുമീ
യമ്മയ്ക്കുമവകാശ-
മുള്ളതാണല്ലോയെന്നും
അമ്മതൻ സഹായംകൊ-
ണ്ടല്ലാതെ മക്കൾക്കുണ്ടോ
ജീവനും ജീവിതവും
പ്രപഞ്ചനിയമം താൻ
മാനവർ മോക്ഷം പൂകാൻ
ന്യാസമായ് നല്കുന്നിതാ
മാമകസുതനെ ഞാ-
നിന്നു സന്തോഷത്തോടെ
മാതൃസാക്ഷിയായ്ച്ചെയ്യും
കർമങ്ങൾ ഫലപ്രദം
എത്രയോ കാലംതൊട്ടേ
കേട്ടിരിക്കുന്നു ലോകം!
അക്കുന്നിൻ മുകളിൽ നിൻ
പിന്നാലെ വരുന്നു ഞാൻ
അങ്ങുയർത്തീടും ക്രൂശിൻ
ചുവട്ടിലെന്നെക്കാണാം.
നിന്റെ തോളിലെ സ്ലീവാ
ഭാരമെൻ ഹൃദയത്തിൽ
മുറ്റിനിന്നീടട്ടെന്നും
മരണമെത്തുവോളം
നീ ചിന്തും രക്തം തുള്ളി
തുള്ളിയായെന്നാത്മാവിൽ
തീർത്തും ഞാനേറ്റു വാങ്ങും
തീർഥമായ് മൂർധാവിലും!
ഞാനുമെൻ മക്കൾക്കായ്
സഹനം തുടരട്ടെ!
ന്യായമാണല്ലോ മാതൃ-
കർത്തവ്യമതാണല്ലോ!






വീയെൻ

# സെൻസറിങ്ങിലെ ഇരട്ടത്താപ്പുകൾ

**എ**ല്ലാ സിനിമകളും പ്രദർശനത്തിന് എത്തുന്നതിനുമുമ്പു സെൻസർ ബോർഡംഗങ്ങൾ കാണാറുണ്ട്. അവർ നല്കുന്ന അംഗീകാരത്തോടും സമ്മതത്തോടുംകൂടിയാണ് സിനിമകൾ പ്രദർശനത്തിനെത്തുന്നത്. ഏതെങ്കിലും സിനിമ ഏതെങ്കിലും വിഭാഗത്തെ പ്രതികൂലമായി ബാധിക്കുന്നവയാണെന്ന ആരോപണം ഉയർന്നാൽ ഉചിതമായ നടപടി സെൻസർബോർഡ് എടുക്കാറുമുണ്ട്. സത്യൻ അന്തിക്കാടിന്റെ ഒരു സിനിമയുടെ പേരു നിശ്ചയിച്ചിരുന്നത് 'പൊന്മുട്ടയിടുന്ന തട്ടാൻ' എന്നായിരുന്നു. എന്നാൽ, ആ പേര് ഒരുവിഭാഗം ആളുകളെ അപമാനിക്കുന്നതാണെന്ന ആരോപണമുയർന്നപ്പോൾ ചിത്രത്തിന്റെ പേരു മാറ്റി. ഏ.കെ. സാജൻ സംവിധാനം ചെയ്ത പൃഥിരാജ് സിനിമയുടെ പേര് വയലൻസ് എന്നായിരുന്നു. പക്ഷേ, സെൻസർബോർഡിന്റെ നിർദേശപ്രകാരം സ്റ്റോപ്പ് വയലൻസ് എന്ന പേരിലാണ് സിനിമ പ്രദർശനത്തിനെത്തിയത്. മാറാട് കലാപത്തിന്റെ പശ്ചാത്തലത്തിൽ ഇറക്കിയ സിനിമയുടെ പേര് അതുതന്നെയായിരുന്നു. എന്നാൽ, മാറാത്ത നാട് എന്നാക്കി മാറ്റാനായിരുന്നു സെൻസർബോർഡ് നിർദേശം. ഇങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്. ഇതൊക്കെ ചിത്രം പ്രദർശനത്തിനെത്തുന്നതിനു മുമ്പുതന്നെ സെൻസർബോർഡിന്റെ ക്രിയാത്മക ഇടപെടലുകളുടെ തെളിവുകളാണ്. സമൂഹത്തെയും മതരാഷ്ട്രീയമേഖലകളെയും ഏതെങ്കിലും തരത്തിൽ പ്രതികൂലമോ ദോഷകരമോ ആയി ബാധിക്കുന്നവയാണ് ചിത്രത്തിലെ രംഗങ്ങൾ, ഡയലോഗുകൾ എന്നു കണ്ടെത്തിയാൽ നീക്കം ചെയ്യുന്നത് സെൻസർബോർഡിന്റെ സ്വാഭാവികപ്രക്രിയയാണ്. അതിനുവേണ്ടിയാണ് അങ്ങനെയൊരു കമ്മിറ്റിയും. അങ്ങനെ ചിത്രത്തിന് യു/എ സർട്ടിഫിക്കറ്റുകൾ നല്കിയാണ് സിനിമ തീയറ്ററുകളിൽ പ്രദർശനത്തിനെത്തുന്നത്. ഇപ്പോൾ പുറത്തിറങ്ങുന്ന ഒട്ടുമിക്ക സിനിമകളും യു/എ സർട്ടിഫിക്കറ്റോടുകൂടിയാണ് വരുന്നതെന്നു നിരീക്ഷിച്ചാൽ മനസ്സിലാവും. യു സർട്ടിഫിക്കറ്റ് മാത്രമായി അടുത്തകാലത്തിറങ്ങിയ സിനിമ സ്വർഗം മാത്രമാണ് എന്നാണ് ഓർമയും.

എന്നാൽ, സെൻസർബോർഡ് അനുവാദം നല്കി പ്രദർശനത്തിനെത്തി രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ ചില ഭാഗത്തുനിന്നുള്ള എതിർപ്പുകളെ കണക്കിലെടുത്ത് ചില വിവാദഭാഗങ്ങൾ മുറിച്ചുനീക്കേണ്ടിവന്ന സിനിമയാണ് മോഹൻലാൽ-പൃഥിരാജ് ടീമിന്റെ എമ്പുരാൻ. മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ഒരു സിനിമ എന്ന ബ്രഹ്മാണ്ഡപ്രചാരണങ്ങളോടെയായിരുന്നു എമ്പുരാൻ പ്രദർശനത്തിനെത്തിയത്. പക്ഷേ, ആദ്യദിവസംതന്നെ സിനിമ കണ്ടവർക്കു മനസ്സിലായി പറയുന്നതൊന്നും സിനിമയിൽ ഇല്ലെന്ന്. ചിത്രത്തിന് പലഭാഗത്തുനിന്നും ഇത്തരത്തിലുള്ള നെഗറ്റീവ് റിവ്യൂസ് വന്നുതുടങ്ങിയ സമയത്തായിരുന്നു രണ്ടാംദിനംമുതൽ ചിത്രത്തിലെ രാഷ്ട്രീയം ചർച്ചാവിഷയമായതും വിവാദം പൊട്ടിപ്പുറപ്പെട്ടതും. സത്യത്തിൽ ഈ വിവാദമല്ലേ എമ്പുരാനെ ശ്രദ്ധേയമാക്കിയത്?

രണ്ടോ മൂന്നോ ദിവസംമാത്രം ആരാധകർ ഏറ്റെടുത്തതിനുശേഷം അവർപോലും കൈയൊഴിയാമായിരുന്നത്ര നിസ്സാരമായ ഒരു സിനിമയായിരുന്നു എമ്പുരാൻ. എമ്പുരാൻസിനിമയുടെ ആദ്യഭാഗമായ ലൂസിഫർ ഇഷ്ടപ്പെട്ടവർക്കും മോഹൻലാലിന്റെയും പൃഥിരാജിന്റെയും ഭൂരിപക്ഷ ആരാധകർക്കുപോലും എമ്പുരാൻ ഇഷ്ടമായിട്ടില്ല എന്നതാണു വാസ്തവം. കാരണം, നൂറ്റമ്പതോ ഇരുനൂറോ രൂപകൊടുത്ത് ഒരു സിനിമ കാണാൻ തിയറ്ററിലെത്തുന്നവർക്കു വേണ്ടത് രണ്ടരയോ മൂന്നോ മണിക്കൂർ അവരെ എൻഗേജ്ഡ് ആക്കാൻ പറ്റുന്ന, എന്റർടെയ്ൻ ചെയ്യിക്കുന്ന സിനിമയാണ്. പലവിധ കാരണങ്ങളാൽ അസ്വസ്ഥരായ മനുഷ്യർക്ക് മനസ്സിനു സ്വസ്ഥത ലഭിക്കുന്ന അന്തരീക്ഷമാണ് തീയറ്ററുകളിൽ വേണ്ടത് (കൊട്ടും കുരവയുമില്ലാതെ വന്ന ചില കൊച്ചുസിനിമകൾ പാട്ടുംപാടി വിജയിപ്പിച്ചുകൊടുത്ത ചരിത്രമില്ലേ നമുക്ക്?)

എമ്പുരാനിലെ രാഷ്ട്രീയം മറന്നിട്ട് അതിൽ തുടക്കംമുതൽ കാണിക്കുന്ന രംഗങ്ങൾ ആലോചിച്ചുനോക്കൂ. ഒരു സാധാരണമനുഷ്യനെ എത്രയധികമായിട്ടാണ് ആ രംഗങ്ങൾ അസ്വസ്ഥപ്പെടുത്തുന്നത്! സിനിമയാണ്, അഭിനയമാണ് എന്നൊക്കെ അറിയാമായിരുന്നിട്ടും മനസ്സ്



വല്ലാതെ അസ്വസ്ഥമാക്കുന്ന രംഗങ്ങൾ. മാർക്കോയിലെ ക്രൂരരംഗങ്ങളെ വിമർശിക്കുന്നവർപോലും എമ്പുരാനിലെ വയലന്റ് സിനെക്കുറിച്ചു നിശ്ശബ്ദത പാലിക്കുന്നു. അവർക്ക് അതൊന്നും വയലൻസ് ആയിത്തോന്നുന്നുണ്ടാവില്ലേ?

പൃഥിരാജിന്റെ മേക്കിങ്ങിനെക്കുറിച്ചാണ് മറ്റു ചില അപദാനങ്ങൾ. ഹോളിവുഡ്സ്റ്റൈലിൽ ഇതുപോലെ സിനിമയെടുക്കാൻ ഒരേയൊരു പൃഥിരാജ് മാത്രമേയുള്ളൂവെന്നാണ് ആരാധകർ പറയുന്നത്. (ആരാധകർ മണ്ടന്മാരാണ് എന്ന് പണ്ടേ സരോജ്കുമാർ (ഉദയനാണ് താരം - പറഞ്ഞിട്ടുണ്ട്). തിയറ്ററിൽപോയി സിനിമ കാണുന്നവരിൽ എത്രപേർ അതിന്റെ ടെക്നിക്കൽ സൈഡും ദൃശ്യഭംഗിയും മേക്കിങ്ങും കണക്കിലെടുക്കുന്നുണ്ട്? ഹോളിവുഡ് സിനിമകൾ കേരളത്തിൽ പ്രദർശനത്തിനെത്താറുണ്ട്. കോഴിക്കോട് ക്രൗൺ പോലെയുള്ള തിയറ്ററുകൾ ഹോളിവുഡ് സിനിമകൾക്കുവേണ്ടിമാത്രമായി നീക്കിവച്ചിരുന്നവയുമായിരുന്നു. എങ്കിലും അത്തരം സിനിമകളിൽ എത്രയെണ്ണം മലയാളികൾ ഏറ്റെടുത്തു വിജയിപ്പിച്ചിട്ടുണ്ട്?

പാഷൻ ഓഫ് ദ ക്രൈസ്റ്റും ടൈറ്റാനിക്കും ജുറാസിക്ക് പാർക്കും മമ്മി റിട്ടേൺസുംപോലെയുള്ള ചുരുക്കം ചില സിനിമകൾമാത്രമേ മലയാളിപ്രേക്ഷകർ കൈയടിച്ചു വിജയിപ്പിച്ചിട്ടുള്ളൂ. അങ്ങനെവരുമ്പോൾ ഹോളിവുഡ് മേക്കിങ് ഒന്നുമല്ല ഒരു സാദാപ്രേക്ഷകനെ സിനിമയിലേക്ക് ആകർഷിക്കുന്നത്. മുമ്പു പറഞ്ഞ കാരണങ്ങൾക്കൊപ്പംതന്നെ അവനുമായി റിലേറ്റ് ചെയ്യാൻകഴിയുന്ന എന്തെങ്കിലും അവനു സിനിമയിൽ ഉണ്ടാകണം. സ്റ്റീഫൻ നെടുമ്പിള്ളി ആരാണെന്നോ, സയ്ദ് മസൂദ് ആരാണെന്നോ, അവരുടെ ഭൂതകാലമെന്തായിരുന്നുവെന്നോ അവർക്ക് അറിയേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ എമ്പുരാന്റെ മൂന്നാം ഭാഗം അതിന്റെപേരിൽ അപ്രസക്തമാണ്.

എമ്പുരാൻ മുന്നോട്ടുവച്ച രാഷ്ട്രീയം എന്തുതന്നെയുമായിരുന്നുകൊള്ളട്ടെ, അതിലെ ശരിതെറ്റുകളിലേക്കു കടക്കുകയോ ഏതിലെങ്കിലും പക്ഷംപിടിക്കുകയോ ചെയ്യുന്നില്ല. തങ്ങൾ ചെയ്തുവച്ചിരിക്കുന്നത് മഹത്തായ സിനിമയാണെന്ന അവകാശവാദത്തോടെയായിരുന്നു എമ്പുരാൻ തിയറ്ററിലെത്തിയത്. അവരുടെ നോട്ടത്തിൽ സിനിമ മുഴുവൻ ശരിയായിരുന്നു. എന്നാൽ, ആ ശരികൾ തങ്ങൾക്കു വിനയായി മാറും എന്നു മനസ്സിലാക്കിയപ്പോൾ ഒത്തുതീർപ്പിന്റെ ഭാഗമായി ചില ഭാഗങ്ങൾ നീക്കം ചെയ്യാൻ അവർ നിർബന്ധിതരായി. ഇവിടെയാണ് നമ്മൾ കാതലായ വിഷയം ശ്രദ്ധിക്കേണ്ടത്.

ലൂസിഫർ സിനിമ ഇറങ്ങിയപ്പോൾമുതൽ ഇതുവരെയും അതിൽ പ്രകടമായിരിക്കുന്ന ക്രൈസ്തവവിരുദ്ധതയെയും സാത്താനിക സ്വാധീനത്തെയുംകുറിച്ച് ക്രൈസ്തവമാധ്യമലോകം വാതോരാതെ ചർച്ച ചെയ്യുകയും വിയോജിപ്പുകൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എമ്പുരാനിലെ വചനവിരുദ്ധമായ ഡയലോഗുകൾക്കെതിരേയും സമാനമായ രീതിയിലുള്ള പ്രതികരണങ്ങൾ ക്രൈസ്തവരുടെ ഭാഗത്തുനിന്നുണ്ടായി. പക്ഷേ, ഈ എതിർപ്പുകളും പരിദേവനങ്ങളും വനരോദനമായിമാത്രം കലാശിക്കുകയാണു ചെയ്തിരിക്കുന്നത്.

17 അല്ലെങ്കിൽ 22 ഭാഗങ്ങളിൽ തങ്ങളുടെ നിലനില്പിനുവേണ്ടി മാറ്റംവരുത്തിയ എമ്പുരാൻസ്രഷ്ടാക്കൾ അത്തരമൊരു റീഎഡിറ്റിങ് നടത്തിയപ്പോൾപ്പോലും ക്രൈസ്തവർ തങ്ങൾക്കു വിരുദ്ധമെന്ന് ആവർത്തിച്ചു പറഞ്ഞ ഡയലോഗുകളിൽ മാറ്റംവരുത്താൻ തയ്യാറായിട്ടില്ല. ഇതെന്തുകൊണ്ട്? ഇവിടെയാണ് സെൻസറിങ്ങിലെ ഇരട്ടത്താപ്പ് വ്യക്തമാകുന്നത്. താടിയുള്ള അപ്പനെയേ പേടിയുള്ളൂ എന്നു നാട്ടിൻപുറങ്ങളിൽ ഒരു ചൊല്ലുണ്ട്. അതാണ് ഇവിടെയും നടന്നിരിക്കുന്നത്. ക്രൈസ്തവരെ പേടിക്കേണ്ട കാര്യമില്ലെന്നും അവർ പറഞ്ഞാൽ ഇത്രയുമൊക്കെയേയുള്ളൂവെന്നും ഇവിടത്തെ സിനിമയും സാഹിത്യവും ഭരിക്കുന്നവർക്കറിയാം. ക്രൈസ്തവർക്ക് എന്തു സാഹിത്യം എന്തു സിനിമ എന്നാണ് മേലാളന്മാരുടെ ചോദ്യവും.

ഒരു വിഭാഗം ആളുകളെമാത്രം ബാധിക്കുന്ന വിഷയമാകുമ്പോൾ അവിടെ സെൻസർഷിപ്പ് കർശനമാക്കുകയും ന്യൂനപക്ഷവിഭാഗമായ ക്രൈസ്തവർക്കെതിരേ ആർക്കും ഏതുരീതിയിലും സിനിമയോ നാടകമോ എടുക്കുകയും ചെയ്യാം എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. എമ്പുരാനിലെ വിവാദ ഭാഗങ്ങൾ നീക്കം ചെയ്യേണ്ടിവന്ന സാഹചര്യത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തിനുവേണ്ടി ഉച്ചൈസ്തരം സംസാരിച്ചവർ തങ്ങളെ എതിർക്കുന്ന ചില സിനിമകൾ തിയറ്ററിൽപ്പോലും എത്തിച്ചില്ല എന്നതും കൂട്ടിച്ചേർത്തു വായിക്കേണ്ടതുണ്ട്. പ്രസ്തുത സിനിമകൾ തിയറ്ററിലെത്തിച്ചാൽ തിയറ്റർപോലും കത്തിക്കും എന്നായിരുന്നുവത്രേ ഭീഷണി. അപ്പോൾ ഈ ആവിഷ്കാരസ്വാതന്ത്ര്യവും പക്ഷംപിടിക്കലുമൊക്കെ യഥാർഥത്തിൽ എന്താണ്?

■




# നന്മ ഹോം നഴ്സിങ്

Reg No. K. 252/2024

H.O. പാലാ Br. കൊഴുവനാൽ

ആശുപത്രി കൂട്ടിരിപ്പ് | രോഗീപരിചരണം | വീട്ടുജോലി | ബേബി കെയർ | പ്രസവശുശ്രൂഷ

ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും ഈ നമ്പറുകളിൽ ബന്ധപ്പെടുക

PH: 9074248155, 7025092689

100 ശതമാനം ഉത്തരവാദിത്വം


ഈസ്റ്റർ–വിഷു ആശംസകൾ
24–ാം
വയസ്സിലേക്ക്
24–ാം വാർഷികം പ്രമാണിച്ച്
പണിക്കൂലിയിൽ
പ്രത്യേക ഡിസ്കൗണ്ട് !
KURUMUNDAYIL JEWELLERY
GOLD ◆ DIAMONDS ◆ BIRTH STONES ◆ SILVER
KURUMUNDAYIL FINANCIERS
Kattakkayam Road, Pala Tel: 04822 213693


HAPPY EASTER
INDIA'S
BIGGEST
BRANDED WATCH & CLOCK
SHOWROOM @ PALA
മാറുന്ന ലോകത്തിന്റെ ട്രെന്റുകളുമായി തകടിയേൽ വാച്ച് വേൾഡ് ഒരുക്കുന്നു ഇന്ത്യയിലെ ഏറ്റവും വലിയ വാച്ച് ഷോറും. ഏറ്റവും കൂടുതൽ ബ്രാന്റുകളും മികച്ച റേഞ്ചുകളും ഒപ്പം ആകർഷക വിലകളും. വാച്ചുകളുടെ അതിവിശാല ലോകത്തേയ്ക്ക് വരൂ... ഓരോ നിമിഷവും ആഘോഷമാക്കൂ...
SMART WATCH
KIDS WATCH
DIGITAL CLOCK
WEDDING GIFT WATCH
*Conditions Apply.
Authorized service center for Multi brand watch & clock, Britelite, Vinverth & Recharge Light
CROSS
PEN & WALLETS
INTERNATIONAL WATCH SERVICE CENTRE
THAKIDIYAL
WATCH WORLD
MAIN ROAD, PALA
GRAND FATHER CLOCK | CUCKOO CLOCK | STRIKING CLOCK | TIMEPIECES | BRITELITE ETC.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 7 Date of Publication 10 April 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org